بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدْ نَصَرَكُمُ اللهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 9

ലക്കം 37

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2024 സെപ്റ്റംബർ 12/ഹി.ശം 1403 തബൂക് 12/ഹി.ഖ 1446 റബീഉൽ അവ്വൽ 08

## അല്ലാഹുവിന്റെ വചനം

يُثَبِّتُ اللهُ الَّذِيْنَ اٰمَنُوْا بِالْقَوْلِ الثَّابِتِ فِى الْحَيٰوةِ الدُّنْيَا وَفِى الْاٰخِرَةِ ۚ وَيُضِلُّ اللهُ الظّٰلِمِيْنَ ۙ وَيَفْعَلُ اللهُ مَا يَشَآءُ ۝ (سورہ ابراہیم، آیت 28)

ഐഹികജീവിതത്തിലും പരലോകത്തിലും വിശ്വസിച്ചവരെ നിലനിൽക്കുന്ന വചനംകൊണ്ട് അല്ലാഹു ഉറപ്പിച്ചു നിറുത്തുന്നതാണ്. അക്രമികളെ അല്ലാഹു വഴിപിഴക്കാൻ വിടുകയും ചെയ്യുന്നു. താനുദ്ദേശിക്കുന്നത് അല്ലാഹു പ്രവർത്തിക്കുന്നതുമാണ്.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുതആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## ദീനിന്റെ സഹാനുഭൂതി ഒരു വലിയ കാര്യമാണ്. അത് സക്കറാത്തുൽമൗത്തിൽ അഥവാ മരണയാതനയിൽ സന്തോഷമുൾക്കൊള്ളുന്നു.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ ഉപദേശങ്ങൾ

"നമ്മുടെ സമ്പൂർണമാർഗദർശിയായ അല്ലാഹുവിന്റെ റസൂൽﷺപറഞ്ഞു: ***ഖയ്റുക്കും ഖയ്റുക്കും ലി അഹ്‌ലിഹീ*** നിങ്ങളിൽ ഏറ്റവുമുത്തമനായിട്ടുള്ളവൻ തന്റെ കുടുംബക്കാരോടു ഉത്തമമായി പെരുമാറുന്നവനാണ്. ഭാര്യയോടു നല്ല പെരുമാറ്റവും സഹവാസവുമല്ലെങ്കിൽ അവനെവിടെ നല്ലവനാകാനാണ്. മറ്റുള്ളവരോടു നന്മയും സൽകർമവും ചെയ്യാൻ കഴിയുന്നത് തന്റെ ഭാര്യയോടു നല്ലരീതിയിൽ പെരുമാറുകയും നല്ലസഹവാസമുൾക്കൊള്ളുകയും ചെയ്യുമ്പോഴാണ്. അല്ലാതെ എല്ലാ നിസ്സാരമായ കാര്യത്തിലുംതല്ലും വഴക്കുമുണ്ടാകുമ്പോഴല്ല. അത്തരം സംഭവങ്ങളുണ്ടാകാറുണ്ട്. ചിലനേരത്ത് കോപംകൊണ്ടു നിറഞ്ഞ മനുഷ്യൻ ഭാര്യയോടു നിസ്സാരകാര്യത്തിൽ ദ്വേഷപ്പെട്ട് അവളെ അടിക്കുന്നു. ഏതെങ്കിലും മർമസ്ഥാനത്ത് കൊണ്ടു ഭാര്യ മരിക്കുന്നു. അതുകൊണ്ടാണ് അവർക്കുവേണ്ടി അല്ലാഹു ആശിറൂഹുന്ന ബിൽമഅ്റൂഫ് എന്നു പറഞ്ഞത്. അതേ, അവർ അനുചിതമായ പണി ചെയ്താൽ മുന്നറിയിപ്പു നല്കേണ്ടത് നിർബന്ധമായ കാര്യമാണ്. ദീനിനുവിരുദ്ധമായ കാര്യം ഒരിക്കലും ഇഷ്ടപ്പെടുകയില്ലെന്ന് ഭാര്യമാരുടെ മനസ്സിൽ മനുഷ്യൻ ഉറപ്പിക്കേണ്ടതാണ്. അതിനോടൊപ്പം അവളുടെ ഒരു തെറ്റും വിട്ടുവീഴ്ച ചെയ്യാത്ത അക്രമിയും ഉപദ്രവിക്കുന്നവനുമാകാനും പാടില്ല. ഭർത്താവ് ഭാര്യയ്ക്ക് അല്ലാഹുവിനെ വെളിപ്പെടുത്തുന്നവനാണ്. അല്ലാഹു അവനെയല്ലാതെ മറ്റാരെയെങ്കിലും ആരാധിക്കാൻ കൽപിക്കുമായിരുന്നെങ്കിൽ ഭാര്യയോട് തന്റെ ഭർത്താവിന് സുജൂദ്ചെയ്യാൻ കൽപ്പിക്കുമായിരുന്നുവെന്ന് ഹദീഥ്ശരീഫിൽ വന്നിരിക്കുന്നു. അതുകൊണ്ട് പുരുഷനിൽ പ്രതാപപരവും സൗന്ദര്യപരവുമായ രണ്ടു നിറങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. ഭർത്താവ് ഭാര്യയോടു നീ ഇഷ്ടികയുടെ കൂമ്പാരം ഒരിടത്തുനിന്നെടുത്ത് മറ്റൊരിടത്തിടാൻ പറഞ്ഞാൽ അതിനെ ആക്ഷേപിക്കാൻ അവൾക്ക് അവകാശമില്ല." *(മൽഫൂദാത്ത് വാള്യം 2, പേജ് 31, 2018 ഖാദിയാൻ പതിപ്പ്)*

**മിമ്മാ റസഖ്നാഹും യുൻഫിഖൂൻ എന്നതിൽ പറയപ്പെട്ടിട്ടുള്ളത് ഒരു സത്യവിശ്വാസിക്ക് അല്ലാഹുവിൽനിന്ന് എത്രത്തോളം ശക്തികളും കഴിവുകളുമാണോ ലഭിച്ചിട്ടുള്ളത്, തന്റെ സകല ശക്തിയേയും മനുഷ്യകുലത്തിന്റെ ക്ഷേമത്തിനുവേണ്ടി ചെലവഴിക്കുക എന്നതാണ്. അല്ലാതെ പണം കൊടുത്തിരുന്നു, അല്ലെങ്കിൽ നമസ്കരിച്ചിരുന്നു, അല്ലെങ്കിൽ നോമ്പു പിടിച്ചിരുന്നുവെന്നതിൽമാത്രം അവൻ സന്തോഷിക്കരുത്.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺ സൂറ ഹജ്ജിലെ 36-ാമത്തെ വചനമായ ***അല്ലദീന ഇദാ ദുകിറല്ലാഹു വജിലത്ത് ഖുലൂബുഹും വസ്സ്വാബിരീന അലാ മാ അസ്വാബഹും വൽമുഖീമിസ്സ്വലാത്തി വ മിമ്മാ റസഖ്നാഹും യുൻഫിഖൂൻ*** (അവരുടെ മുമ്പിൽവച്ച്) അല്ലാഹുവിന്റെ നാമം ഉച്ചരിക്കപ്പെട്ടാൽ അവരുടെ ഹൃദയങ്ങൾ ഭയന്നു വിറയ്ക്കുന്നതാണ്. തങ്ങളെ ബാധിക്കുന്ന വിപത്തുകളിൽ സഹനം കൈക്കൊള്ളുന്നവരും നമസ്കാരം നിലനിറുത്തുന്നവരുമാണവർ. നാം അവർക്കു നല്കിയതിൽനിന്ന് അവർ ചെലവഴിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു) എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു: 'ഇവിടെ ***മിമ്മാ റസഖ്നാഹും യുൻഫിഖൂൻ*** എന്നതിൽ പണം മാത്രമല്ല പെടുന്നത്; മനുഷ്യൻ കുറച്ചു പണം അല്ലാഹുവിന്റെ മാർഗത്തിൽ കൊടുത്ത് തന്റെ കടമ നിറവേറ്റിയിരിക്കുന്നുവെന്ന് കരുതുക! പ്രത്യുത ***മിമ്മാ റസഖ്നാഹും യുൻഫിഖൂൻ*** എന്നതിൽ അവന്റെ കണ്ണുകളുംപെടുന്നു. അവന്റെ തലച്ചോറുംപെടുന്നു. അവന്റെ ചെവിയുംപെടുന്നു. അവന്റെ മൂക്കും പെടുന്നു. അവന്റെ കൈയുംകാലും പെടുന്നു. അവന്റെ ഉടലും പെടുന്നു. പിന്നെ ***മിമ്മാ റസഖ്നാഹും യുൻഫിഖൂൻ*** എന്നതിൽ അവന്റെ വീടുംപെടുന്നു. അവനുപയോഗിക്കുന്ന ഗോതമ്പും പെടുന്നു. എന്നല്ല കർഷകരുണ്ടാക്കുന്ന മുള്ളങ്കിയും ക്യാരറ്റും ശർക്കരയും പെടുന്നു. ഇതിൽ പണം ചെലവഴിച്ച് ഒരാൾ സാമ്പത്തികത്യാഗം ചെയ്യുന്നവനെന്ന് തീരുമാനിക്കപ്പെടുമെന്നതിൽ സംശയമൊന്നുമില്ല. പക്ഷേ, ശരീഅത്ത് കേവലം ധനത്യാഗത്തെ കുറിച്ച് കൽപ്പിക്കുന്നില്ല. പ്രത്യുത ശരീഅത്ത് പറയുന്നത് നാം നിങ്ങൾക്ക് എന്തൊന്ന് തന്നിട്ടുണ്ടോ അതിന്റെ ഒരു പങ്ക് നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക എന്നാണ്. അതിനാൽ ഏതെങ്കിലും വ്യക്തി തന്റെ മുഴുവൻ സ്വത്തും ചന്ദയിൽ കൊടുത്താലും പക്ഷേ, അവന്റെ കണ്ണുകൾ അല്ലാഹുവിന്റെ ദാസരുടെ സേവനത്തിൽ പങ്കെടുക്കുന്നില്ലെങ്കിൽ, അവന്റെ കൈയും കാലും അല്ലാഹുവിന്റെ ദാസരുടെ സേവനത്തിൽ പങ്കെടുക്കുന്നില്ലെങ്കിൽ താൻതന്റെ എല്ലാ സ്വത്തുക്കളും കൊടുത്ത് തന്റെ കടമ നിറവേറ്റിയെന്ന് അവന് പറയാൻ സാധിക്കുകയില്ല. ഇക്കാര്യം ലോജിക്(തർക്കശാസ്ത്രം) എന്ന് പറയപ്പെടുന്നതായിരിക്കും എന്നാൽ, ദീനെന്ന് പറയപ്പെടുകയില്ല. ദീനിന്റെ തേട്ടം പൂർത്തിയാക്കുന്നതിന് അവൻ തന്റെ ശരീരം മുഴുവനും അല്ലാഹുവിന്റെ ദാസരുടെ സേവനത്തിന് ഉപയോഗിക്കേണ്ടത് നിർബന്ധമാണ്. ഹദീഥുകളിൽവന്നിരിക്കുന്നു ഖിയാമത്തുനാളിൽ സകല മനുഷ്യരും അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുമ്പോൾ അവൻ ചിലയാളുകളോടു പറയും എന്റെ ദാസരേ! ഞാൻ വിശ

ശേഷം പേജ് 10 ൽ

## തിരുനബിﷺയുടെ തിരുവചനങ്ങൾ

### ❁ വൈജ്ഞാനിക മജ്‌ലിസിന്റെ ശ്രേഷ്ഠത ❁

ഹദ്റത്ത് അബ്ദുല്ലാഹു ബിൻ അബ്ബാസ്ﷺ വിവരിക്കുന്നു. നബി ﷺ തിരുമേനി പറഞ്ഞു: നിങ്ങൾ സ്വർഗത്തിലെ തോട്ടത്തിലൂടെ കടന്നുപോകുമ്പോൾ നല്ലവണ്ണം മേഞ്ഞുകൊള്ളുക. സ്വഹാബത്ത് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ!സ്വർഗത്തിലെ തോട്ടങ്ങൾ കൊണ്ടുള്ള ഉദ്ദേശ്യമെന്താണ്? അവിടന്ന് ﷺ പറഞ്ഞു: അറിവിന്റെ മജ്‌ലിസുകളാണ്. *(അത്തർഗീബു വത്തർഹീബു ലിൽമുൻദിരി, കിതാബുൽ ഇൽമ് ബാബു അത്തർഗീബു ഫീ മജാലിസത്തിൽഉലമാഇ 161)*

### ❁ ഇസ്തിഗ്ഫാറിന്റെ പ്രാധാന്യം ❁

ഹദ്റത്ത് അബ്ദുല്ലാഹു ബിൻ അബ്ബാസ്ﷺ പറയുന്നു. നബിﷺതിരുമേനി പറഞ്ഞു: ആരാണോ ഇസ്തിഗാഫാറിനെ നിർബന്ധമാക്കിയത് അപ്പോൾ അല്ലാഹു അയാൾക്ക് എല്ലാ ദുഃഖങ്ങളിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും മുക്തി നല്കുന്നതാണ്. എല്ലാ ബുദ്ധിമുട്ടുകളിൽനിന്നും പുറത്തുവരുന്നതിനുള്ള വഴി ഉണ്ടാക്കുന്നതാണ്. അവൻ ഊഹിച്ചിട്ടുപോലുമില്ലാത്ത സ്ഥലത്തൂടെ ജീവിതവിഭവം നല്കുന്നതാണ്. (ഇബ്നുമാജ, കിതാബുൽഅദബ് ബാബുൽ ഇസ്തിഗ്ഫാർ)

### ❁ ദീനുള്ള സ്ത്രീയുമായി നിക്കാഹ് ❁

ഹദ്റത്ത് അബൂഹുറയ്റﷺ നബിﷺതിരുമേനിയിൽ നിന്ന് രിവായത്ത് ചെയ്തിരിക്കുന്നു. അവിടന്ന് പറഞ്ഞു: നാലു കാര്യങ്ങൾക്കുവേണ്ടിയാണ് ഒരു സ്ത്രീ വിവാഹം ചെയ്യപ്പെടാറുള്ളത്. അവളുടെ സമ്പത്തുകാരണത്താൽ,

ശേഷം പേജ് 11 ൽ

## ഈ ലക്കത്തിൽ

ജുമുഅ ഖുത്ബ
9 ആഗസ്റ്റ് 2024

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ
യൂറോപ്പ് പര്യടനം

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**മുനാഫിഖീങ്ങളുടെ നേതാവ് അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റെ മകൻ റസൂലുല്ലായുടെ സ്വഹാബി ഹദ്റത്ത് അബ്ദുല്ലാഹ് പറഞ്ഞു: യാ റസൂലുല്ലാഹ്! അങ്ങയുടെ അടുക്കലെത്തിയ വാർത്ത കാരണത്താൽ അങ്ങ് എന്റെ പിതാവിനെ വധിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ എനിക്കു കൽപ്പന തന്നാലും. അല്ലാഹുവാണെ സത്യം, അങ്ങ് ഈ സദസ്സിൽ നിന്നെഴുന്നേൽക്കുന്നതിനു മുമ്പേ ഞാൻ അയാളുടെ ശിരസ്സുമായി എത്തുന്നതാണ്.**

**“അബ്ദുല്ലാഹ്! ഞാൻ അയാളെ കൊല്ലാൻ ഉദ്ദേശിക്കുന്നില്ല. മറ്റാർക്കും അതിനുള്ള കൽപ്പനയും നൽകിയിട്ടില്ല. അയാൾ നമ്മുടെ ഇടയിൽ ഉണ്ടായിരിക്കുന്നിടത്തോളംകാലം നാം തീർച്ചയായും അയാളോടു വളരെ നല്ല നിലയിൽ പെരുമാറുന്നതായിരിക്കും.”**

**ഹദ്റത്ത് സയ്ദ് ബിൻ അർഖം വിവരിക്കുന്നു: നബിﷺതിരുമേനിയിൽനിന്ന്(വഹ്‌യ് ഇറങ്ങുന്ന) ആ അവസ്ഥ അവസാനിച്ചു. നബിﷺതിരുമേനി എന്റെ ചെവി പിടിച്ചു. ഞാൻ എന്റെ വാഹനത്തിലായിരുന്നു. എത്രത്തോളമെന്നാൽ ഞാനെന്റെ വാഹനത്തിൽനിന്ന് എഴുന്നേറ്റു. നബിﷺ തിരുമേനി പറഞ്ഞുതുടങ്ങി: മകനേ! നിന്റെ കാതുകൾ കുറുപുലർത്തി. അല്ലാഹു  നീ പറഞ്ഞ കാര്യം സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അതായത് വഹ്‌യ് ഇതിനെ കുറിച്ചായിരുന്നു.**

**യഹൂദി പണ്ഡിതനായ ലുസ്വയ്ത്ത് പറഞ്ഞു:എനിക്ക് നബിﷺതിരുമേനിയെ കുറിച്ച് സംശയങ്ങളുണ്ടായിരുന്നു. ഇപ്പോൾ ഞാൻ നബിﷺതിരുമേനി അല്ലാഹുവിന്റെ സത്യ റസൂലാണെന്ന് സാക്ഷ്യം വഹിക്കുന്നു. അതായത് ഞാനിന്ന് ഇസ്‌ലാം സ്വീകരിച്ചു. ഈ സംഭവത്തിനുശേഷം അയാൾ പറയുന്നു: ഇപ്പോൾ ഞാൻ സത്യമായ നിലയിൽ ഇസ്‌ലാം സ്വീകരിക്കുന്നു.**

**മുറയ്സീഅ് യുദ്ധത്തിന്റെ അവസ്ഥകളുടെ വിവരണം. ബംഗ്ലാദേശിലേയും പാക്കിസ്താനിലേയും അഹ്‌മദികൾക്കും ഫലസ്ത്വീനി മുസ്‌ലിമീങ്ങൾക്കും വേണ്ടി ദുആ ചെയ്യാൻ**

**ഗുജ്റാത്ത് ജില്ലയിലെ ലാല മൂസാ എന്ന സ്ഥലത്തെ ചൗദ്ദരി അബ്ദുർറഹ്‌മാൻ സാഹിബിന്റെ മകൻ ഡോക്ടർ ദകാഉർറഹ്‌മാൻ സാഹിബ് ശഹീദിന്റേയും, മലിക് ബശീർ അഹ്‌മദ് സാഹിബിന്റെ ഭാര്യ സയീദ ബശീർ സാഹിബയുടേയും അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ 2024 ആഗസ്റ്റ് 09, 1403 ള്വുഹൂർ 09**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്‌മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○
اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ജൽസയ്ക്കു മുമ്പേയുള്ള ഖുത്ബകളിൽ ഞാൻ മുറയ്സീഅ് യുദ്ധത്തെ സംബന്ധിച്ചാണ് പറഞ്ഞിരുന്നത്. അതിൽ അബ്ദുല്ലാഹ് ബിൻ ഉബയ്യ്, നബിﷺതിരുമേനിയെ സംബന്ധിച്ച് തെറ്റായ കാര്യങ്ങൾ പറഞ്ഞതും കാപട്യത്തിന്റെ മാർഗം സ്വീകരിച്ചതും വിവരിച്ചിരുന്നു. ഹദ്റത്ത് മിർസാ  ബശീർ അഹ്‌മദ് സാഹിബ്رضی اللہ عنہസീറത്ത് ഖാത്തമുന്നബിയ്യീനിൽ ഈ സംഭവം വിവരിച്ചുകൊണ്ടെഴുതുന്നു: ‘യുദ്ധം അവസാനിച്ചതിനുശേഷം നബിﷺതിരുമേനി കുറച്ചുദിവസം അവിടെ തങ്ങുകയുണ്ടായി. പക്ഷേ, ഈ താമസത്തിനിടയിൽ മുനാഫിക്കീങ്ങളുടെ വളരെ മോശമായ പെരുമാറ്റമുണ്ടായതുമൂലം ദുർബലരായ മുസ്‌ലിമീങ്ങൾക്കിടയിൽ ആഭ്യന്തര യുദ്ധത്തിനുപോലും സാധ്യതയുണ്ടായിരുന്നു. പക്ഷേ, നബിﷺതിരുമേനിയുടെ അവസരോചിതമായ നീക്കവും കാന്തികപ്രഭാവമുള്ള അവസ്ഥയും ഈ ഫിത്നയുടെ ഭയാനകമായ അവസ്ഥയിൽ നിന്ന് മുസ്‌ലിമീങ്ങളെ രക്ഷിച്ചു.

ഈ സംഭവം ഇപ്രകാരമായിരുന്നു: ഹദ്റത്ത് ഉമർرضی اللہ عنہന്റെ ഒരു ഭൃത്യൻ  ജഹ്ജാഹ് മുറയ്സീഇലുള്ള അരുവിയിൽ വെള്ളമെടുക്കാൻപോയി. യാദൃച്ഛികമായി അതേ സമയത്ത് അൻസ്വാറിന്റെ സുഹൃത്തുക്കളിൽപ്പെട്ട സിനാൻ എന്നു പേരുള്ള മറ്റൊരു വ്യക്തിയും വെള്ളമെടുക്കാൻ അവിടെയെത്തി. ഇവരിരുവരും വിവരദോഷികളും സാധാരണക്കാരുമായിരുന്നു. അരുവിയിൽ അവരിരുവരും തമ്മിൽ വഴക്കുണ്ടായി. സിനാനെ ജഹ്ജാഹ് മർദ്ദിച്ചു. അപ്പോൾ സിനാൻ അത്യുച്ചത്തിൽ അലറി വിളിച്ചു: അൻസ്വാർ സഹോദരന്മാരേ! എന്നെ സഹായിക്കാൻ ഓടിവരുവിൻ, ഇവരെന്നെ മർദ്ദിച്ചിരിക്കുന്നു. സിനാൻ തന്റെ ആളുകളെ വിളിക്കുന്നത് ജഹ്ജാഹ് കണ്ടപ്പോൾ അയാളും തന്റെ  ആളുകളെ വിളിച്ചു: മുഹാജിരീങ്ങളേ! ഓടിവരുവിൻ. ഇതുകേട്ട് അൻസ്വാറും മുഹാജിരീങ്ങളും വാളുമെടുത്ത് പ്രസ്തുത അരുവിയിലേക്ക് ഓടിയെത്തി. കാണെക്കാണെ അവിടെ ഒരു വലിയ സംഘം ഒത്തുകൂടി. വിവരദോഷികളായ യുവാക്കൾ പരസ്പരം ആക്രമിക്കുമെന്ന നിലയിലായിരുന്നു. പക്ഷേ, അപ്പോഴേക്കും കാര്യവിവരമുള്ള ആത്മാർഥരായ മുഹാജിറുകളും അൻസ്വാറും അവിടെ എത്തപ്പെട്ടു. അവർ ഉടൻതന്നെ ആളുകളെ പിടിച്ചു മാറ്റുകയും സന്ധിയിലാക്കുകയും ചെയ്തു. നബിﷺതിരുമേനി ഈ വാർത്ത അറിയാനിടയായപ്പോൾ പറഞ്ഞു: ഇത് ജാഹിലിയ്യത്തിന്റെ പ്രകടനമാണ്! അതിൽ നബിﷺതിരുമേനി നീരസം പ്രകടിപ്പിക്കുകയും ചെയ്തു. ഇങ്ങനെ ആ പ്രശ്നം ഒഴിവായി. എന്നാൽ, മുനാഫിക്കീങ്ങളുടെ നേതാവ് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലുൽ ഈ യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ടായിരുന്നു. ഈ സംഭവം അറിഞ്ഞപ്പോൾ ആ ദുർഭഗൻ ഈ ഫിത്നയെ വീണ്ടും കുത്തിപൊക്കാനാഗ്രഹിച്ചു. അയാൾ തന്റെ കൂട്ടുകാരെ നബിﷺതിരുമേനിയ്ക്കും മുസ്‌ലിമീങ്ങൾക്കുമെതിരിൽ വളരെയേറെ പ്രകോപിതരാക്കിക്കൊണ്ട് പറഞ്ഞു: ‘ഇതെല്ലാം നിങ്ങളുടെ അല്പത്തരമാണ്, നിങ്ങൾ അഭയമില്ലാതിരുന്ന മുസ്‌ലിമീങ്ങൾക്ക് അഭയം നൽകി അവരെ തലയിലേറ്റുകയാണ് ചെയ്തത്. ഇനിയെങ്കിലും നിങ്ങൾ അവർക്ക് നല്കിയ സഹായം പിൻവലിക്കുക. അങ്ങനെയായാൽ അവർ സ്വയം എല്ലാം ഇട്ടറിഞ്ഞ് പോകുന്നതായിരിക്കും.’ അവസാനം ആ ദുർഭഗൻ ഇതുവരെ പറഞ്ഞു: ***ലഇൻർറജഅനാ ഇലൽമദീനത്തിലയുഖ്‌രിജന്നൽ അഅസ്സു മിൻഹൽ അദല്ല*** അതായത് ഇനി നമ്മൾ മദീനയിൽ തിരിച്ചുചെന്നാൽ വന്ദ്യനിൽ വന്ദ്യനായ ഒരാൾ നിന്ദ്യനിൽ നിന്ദ്യനായ ഒരാളെ അല്ലെങ്കിൽ സംഘത്തെ അവിടെനിന്ന് പുറത്താക്കുമോ ഇല്ലേ എന്ന് നിങ്ങൾ നോക്കിക്കൊള്ളുക (63:9). ആ സമയത്ത്

വളരെ ആത്മാർഥനായ ഒരു മുസ്‌ലിം കുട്ടി സയ്ദ് ബിൻ അർഖം അവിടെ ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം അബ്ദുല്ലാഹ് ബിൻ ഉബയ്യ്, നബിﷺ തിരുമേനിയെ സംബന്ധിച്ച് പറഞ്ഞ വാക്കുകൾ കേട്ടപ്പോൾ അസ്വസ്ഥനായി ക്ഷണത്തിൽ തന്റെ പിതൃവ്യൻ മുഖേന നബിﷺതിരുമേനിക്ക് ഈ സംഭവത്തെക്കുറിച്ച് അറിയിപ്പ് കൊടുത്തു. ആ നേരത്ത് നബിﷺതിരുമേനിയുടെ അടുക്കൽ ഹദ്റത്ത് ഉമർرضـഇരിപ്പുണ്ടായിരുന്നു. ഈ വാക്കുകൾ കേട്ടപ്പോൾ കോപവും ആത്മാഭിമാനവുംകൊണ്ട് അദ്ദേഹം നബിﷺതിരുമേനിയോട് പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങ് എനിക്ക് അനുവാദം തരികയാണെങ്കിൽ ഞാൻ ആ ഫിത്ന പരത്തുന്ന മുനാഫിക്കിന്റെ തല കൊയ്യുന്നതാണ്.' നബിﷺ തിരുമേനി പറഞ്ഞു: 'ഉമറേ!അത് ഒഴിവാക്കൂ. മുഹമ്മദ് ﷺതന്റെ കൂട്ടുകാരെ കൊല്ലുകയാണെന്ന് ജനങ്ങൾ പറഞ്ഞു നടക്കുന്നത് കേൾക്കാൻ നിങ്ങളിഷ്ടപ്പെടുന്നുണ്ടോ?' പിന്നെ നബിﷺ തിരുമേനി, അബ്ദുല്ലഹ് ബിൻ ഉബയ്യിനെയും കൂട്ടുകാരെയും വിളിച്ചു വരുത്തി. അവരോടു ചോദിച്ചു: 'ഇതെന്താണ് കാര്യം?' അവർ അല്ലാഹുവിനെപിടിച്ച് ആണയിട്ടുകൊണ്ട് അങ്ങനെയൊന്നും പറഞ്ഞിട്ടില്ലെന്ന് പറഞ്ഞു. ചില അൻസ്വാറും ശിപാർശയുമായി വന്നു പറഞ്ഞു: 'സയ്ദ് ബിൻ അർഖം തെറ്റു ധരിച്ചതാണ്.' നബിﷺതിരുമേനി ആ സമയത്ത് അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റേയും അയാളുടെ കൂട്ടുകാരുടേയും വിശദീകരണങ്ങൾ സ്വീകരിച്ചു. സയ്ദിന്റെ വാക്കുകൾ നിരാകരിക്കുകയും ചെയ്തു. അതിൽ സയ്ദിന് കഠിനമായ ദുഃഖമുണ്ടായിരുന്നു. പക്ഷേ, പിന്നീട് ഖുർആനിക വെളിപാട് സയ്ദിനെ സത്യപ്പെടുത്തുകയും മുനാഫിക്കീങ്ങൾ വ്യാജന്മാരാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഏതായാലും ഒരു ഭാഗത്ത് നബിﷺതിരുമേനി, അബ്ദുല്ലാഹ് ബിൻ ഉബയ്യിനെയും മറ്റും വിളിച്ച് കാര്യങ്ങൾ സാക്ഷ്യപ്പെടുത്തി. അതേ സമയം മറുഭാഗത്ത് നബിﷺതിരുമേനി ഉമറിനോട് പറഞ്ഞു: 'ജനങ്ങൾക്ക് ഇപ്പോൾത്തന്നെ തിരിച്ചു പുറപ്പെടാനുള്ള കൽപ്പന നൽകുക.' അത് ഉച്ച നേരമായിരുന്നു. നബിﷺതിരുമേനി പൊതുവെ ആ നേരത്ത് യാത്ര ചെയ്തിരുന്നില്ല. കാരണം അറേബ്യയുടെ കാലാവസ്ഥ അനുസരിച്ച് ആ നേരത്ത് കഠിനമായ ചൂടുണ്ടായിരുന്നു. അതിൽ യാത്ര ചെയ്യുക എന്നത് വളരെ ദുഷ്കരവുമായിരുന്നു. പക്ഷേ, നബിﷺതിരുമേനി ആ സന്ദർഭത്തിന്റെ അവസ്ഥ കണക്കിലെടുത്തുകൊണ്ട് അപ്പോൾത്തന്നെ തിരിച്ചു പോരാൻ തീരുമാനിച്ചു. അങ്ങനെ നബിﷺതിരുമേനിയുടെ കൽപ്പന പ്രകാരം ഉടൻ തന്നെ മുസ്‌ലിം സൈന്യം മുഴുവനും തിരിച്ചു പോരാൻ തയ്യാറെടുപ്പു തുടങ്ങി. ഏകദേശം അതേ നേരത്ത് ഉസയ്ദ് ബിൻ ഹുളയ്ർ അൻസ്വാരി, അദ്ദേഹം ഔസ് ഗോത്രത്തിന്റെ വളരെ അറിയപ്പെടുന്ന തലവനായിരുന്നു, നബിﷺതിരുമേനിയുടെ സവിധത്തിൽ ഹാജരായി പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങ് പൊതുവെ ഈ നേരത്ത് യാത്ര ചെയ്യാറില്ല. ഇന്ന് എന്താണ് കാര്യം?' നബിﷺതിരുമേനി പറഞ്ഞു: 'അബ്ദുല്ലാഹ് എന്താണ് പറഞ്ഞതെന്ന് താങ്കൾ കേട്ടില്ലേ? തങ്ങൾ മദീനയിലെത്തിയാൽ അവിടെ വന്ദ്യനിൽ വന്ദ്യനായവ്യക്തി നിന്ദ്യനിൽ നിന്ദ്യനായ വ്യക്തിയെ പുറത്താക്കുന്നതാണെന്ന് അയാൾ പറയുന്നു.' ഉസയ്ദ് അനിയന്ത്രിതമായി പറഞ്ഞു: 'ശരി, യാ റസൂലല്ലാഹ്! അങ്ങ് ആഗ്രഹിക്കുകയാണെങ്കിൽ തീർച്ചയായും അബ്ദുല്ലായെ മദീനയിൽനിന്ന് പുറത്താക്കാൻ കഴിയുന്നതാണ്. കാരണം അല്ലാഹുവാണെ സത്യം! വന്ദ്യനിൽ വന്ദ്യൻ അങ്ങാകുന്നു. അയാൾ നിന്ദ്യനിൽ നിന്ദ്യനാണ്.' പിന്നെ ഉസയ്ദ് ബിൻ ഹുളയ്ർرضـപറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങ് അവിടെ വരുന്നതിനു മുമ്പേ അബ്ദുല്ലാഹ് തന്റെ ജനതയിൽ വന്ദ്യനായിരുന്നുവെന്നും അയാളുടെ ജനത അയാളെ രാജാവാക്കാൻ തീരുമാനിച്ചതാണെന്നും അങ്ങയ്ക്ക് അറിവുളളതാണല്ലോ, അങ്ങ് വന്നതോടുകൂടി അതെല്ലാം മണ്ണടിഞ്ഞുപോയി. അതിനാൽ അക്കാരണം കൊണ്ട് അയാളുടെ മനസ്സിൽ അങ്ങയെ കുറിച്ച് അസൂയയുണ്ട്. അതുകൊണ്ട് അയാളുടെ പാഴ്‌വാക്കുകളെ ഗൗനിക്കേണ്ടതില്ല, അയാൾക്ക് മാപ്പ് കൊടുത്താലും.' *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്رضـഎം.എ. പേജ് 559-561)*

മറ്റൊരു നിവേദനത്തിൽ എഴുതിയിരിക്കുന്നു: അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റെ മകന് ഇക്കാര്യങ്ങളെല്ലാം മനസ്സിലാകുകയും ഹദ്റത്ത് ഉമറിന്റെ സംസാരം അറിയാനിടയാകുകയും ചെയ്തപ്പോൾ നബിﷺതിരുമേനിയുടെ സവിധത്തിലെത്തി പറഞ്ഞു: 'യാ റസൂലുല്ലാഹ്! അങ്ങയുടെ അടുക്കലെത്തിയ വാർത്ത കാരണത്താൽ അങ്ങ് എന്റെ പിതാവിനെ വധിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ എനിക്കു കൽപ്പനതന്നാലും. അല്ലാഹുവാണെ സത്യം, അങ്ങ് ഈ സദസ്സിൽ നിന്നെഴുന്നേൽക്കുന്നതിനു മുമ്പേ ഞാൻ അയാളുടെ ശിരസ്സുമായി എത്തുന്നതാണ്. അല്ലാഹുവാണെ സത്യം! എന്നെക്കാളുമധികം തന്റെ മാതാപിതാക്കളോടു നല്ലനിലയിൽ പെരുമാറുന്ന ആരും തങ്ങൾക്കിടയിലില്ലെന്ന് ഹസ്റജുകാർക്കറിയാം. യാ റസൂലല്ലാഹ്! എനിക്കുള്ള ആശങ്ക എന്നെയല്ലാതെ മറ്റാർക്കെങ്കിലും അയാളെ വധിക്കാൻ കൽപ്പന കൊടുത്താൽ എന്റെ പിതാവിന്റെ ഘാതകൻ ആളുകൾക്കിടയിൽ നടക്കുന്നതു കാണാൻ എന്റെ മനസ്സ് അനുവദിക്കുന്നതല്ല. ഞാൻ അയാളെ കൊല്ലുന്നതും അങ്ങനെ നരകത്തിൽ പോകാനിടവരുന്നതുമാണ്. അതുകൊണ്ട് മറ്റാരെങ്കിലും അയാളെ കൊല്ലുകയാണെങ്കിൽ ഞാൻ ദ്വേഷത്തിൽ അയാളെ കൊന്നു പോയേക്കാം. നബി മാപ്പാക്കുന്നത് ഏറ്റവും ഉത്തമമാകുന്നു നബിയുടെ ഔദാര്യം ഏറ്റവും മഹത്തായതാണ്.' നബിﷺതിരുമേനി ഇക്കാര്യങ്ങളെല്ലാം കേട്ടപ്പോൾ പറഞ്ഞു:

'അബ്ദുല്ലാഹ്! ഞാൻ അയാളെ കൊല്ലാൻ ഉദ്ദേശിക്കുന്നില്ല. മറ്റാർക്കും അതിനുള്ള കൽപ്പനയും നൽകിയിട്ടില്ല. അയാൾ നമ്മുടെ ഇടയിൽ ഉണ്ടായിരിക്കുന്നിടത്തോളംകാലം നാം തീർച്ചയായും അയാളോടു വളരെ നല്ല നിലയിൽ പെരുമാറുന്നതായിരിക്കും.'

അബ്ദുല്ലാഹ് പറഞ്ഞു: 'യാ റസൂലല്ലാഹ്! തീർച്ചയായും ഈ പട്ടണത്തിലെ ആളുകൾ എന്റെ പിതാവിന്റെ കിരീടധാരണം ഉറപ്പിച്ചതായിരുന്നു. പിന്നെ അല്ലാഹു അങ്ങയെ കൊണ്ടുവന്നു അല്ലാഹു അയാളെ പിന്നിലാക്കുകയും ചെയ്തു. അങ്ങു മുഖേന ഞങ്ങളെ ഉയർത്തുകയും ചെയ്തു.' ഇതൊക്കെ അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റെ മകനാണ് പറയുന്നത്.*(സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 348- 350. ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബ്رضـ വിവരിക്കുന്നു: 'അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റെ മകന്റെ പേര് ഹുബാബ് എന്നായിരുന്നു. പക്ഷേ, നബിﷺതിരുമേനി ആ പേരുമാറ്റി അബ്ദുല്ലാഹ് എന്നാ ക്കിയതാണ്.' *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്رضـഎം.എ. പേജ് 561)*

ഏതായാലും നബിﷺതിരുമേനിയുടെ നിർദ്ദേശമനുസരിച്ച് മടക്കയാത്ര ആരംഭിച്ചു. അതിന്റെ വിശദീകരണത്തിൽ എഴുതുന്നു: 'പിന്നീട് നബിﷺതിരുമേനി ആ ദിവസം വൈകുന്നേരംവരെയും രാത്രി മുഴുവനും രാവിലെവരെയും രാവിലെ ആരംഭ ഘട്ടത്തിലും യാത്ര ചെയ്തുകൊണ്ടിരുന്നു. ആളുകൾക്ക് സൂര്യതാപം പ്രയാസമായി അനുഭവപ്പെട്ടു. തുടർന്ന് നബിﷺ തിരുമേനി ജനങ്ങളുടെ ഒപ്പമാണ് തങ്ങിയത്. അവർ നിലത്തിറങ്ങിയതും ഉറങ്ങിത്തുടങ്ങി. ഈ യാത്രയിൽ മുഴുവനും ആരും തന്നെ തങ്ങളുടെ സവാരി മൃഗത്തിൽനിന്ന് പ്രഭാത കൃത്യങ്ങൾക്കും നമസ്കാരത്തിനുമല്ലാതെ ഇറങ്ങിയിരുന്നില്ല. നബിﷺതിരുമേനി തന്റെ വാഹനാമൃഗത്തെ തെളിച്ചുകൊണ്ടിരുന്നു. അതിന്റെ പിന്നിലെ കാലുകളിൽ വടികൊണ്ട് അടിക്കുകയും ചെയ്തിരുന്നു. അബ്ദുല്ലാഹ് കഴിഞ്ഞ ദിവസം പറഞ്ഞ വാക്കുകൾ ജനങ്ങൾ മറന്നു പോകാനായിരുന്നു നബിﷺതിരുമേനി തുടർച്ചയായി ഇത്രയും നീണ്ട യാത്ര ചെയ്തത്. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 350. ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

മറ്റൊരു നിവേദനത്തിൽ പറയുന്നു: ''നബിﷺ തിരുമേനി ആ ദിവസം യാത്ര ചെയ്യുകയായിരുന്നു. ഹദ്റത്ത് സയ്ദ് ബിൻ അർഖംرضـ,നബിﷺതിരുമേനിയുടെ തൊട്ടടുത്തുതന്നെ യാത്ര തുടരുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മുഖത്തു നോക്കി നബിﷺതിരുമേനി തന്റെ വാഹനാമൃഗത്തെ തെളിച്ചുകൊണ്ട് അല്പം വേഗംകൂട്ടി. ആ നേരത്ത് നബിﷺതിരുമേനിയിൽ വഹ്‌യ് ഇറങ്ങാൻ തുടങ്ങി. ഞാൻ കാണുമ്പോൾ നബിﷺതിരുമേനിയിൽ ശക്തമായ സമ്മർദം വരുന്നുണ്ടായിരുന്നു. നബിﷺതിരുമേനിയുടെ നെറ്റിത്തടത്തിൽ വിയർപ്പുതുള്ളികളുണ്ടായിരുന്നു. നബിﷺതിരുമേനിക്ക് കാലിന്റെ മുൻഭാഗത്ത് ഭാരം അനുഭവപ്പെട്ടു. അത് തിരിഞ്ഞു പോകുമെന്ന് തോന്നി. അതായത് കാലുകൾ മടങ്ങിപ്പോകുമെന്ന് തോന്നി. നബിﷺതിരുമേനിയിൽ വഹ്‌യ് ഇറങ്ങുകയാണെന്ന് ഞാൻ മനസ്സിലാക്കി. കാരണം വഹ്‌യ് ഇറങ്ങുമ്പോഴാണ് ഇത്തരമൊരു അവസ്ഥ ഞാൻ കണ്ടിട്ടുള്ളത്. ഈ വഹ്‌യിൽ എന്നെ സാക്ഷ്യപ്പെടുത്താനും സാധ്യതയുണ്ടെന്ന് ഞാൻ പ്രതീക്ഷിച്ചു. അദ്ദേഹം പറയുന്നു: നബിﷺതിരുമേനിയിൽനിന്ന്(വഹ്‌യ് ഇറങ്ങുന്ന)ആ അവസ്ഥ അവസാനിച്ചു. നബിﷺ തിരുമേനി എന്റെ ചെവി പിടിച്ചു. ഞാൻ എന്റെ വാഹനത്തിലായിരുന്നു. എത്രത്തോളമെന്നാൽ ഞാനെന്റെ വാഹനത്തിൽനിന്ന് എഴുന്നേറ്റു. നബിﷺതിരുമേനി പറഞ്ഞുതുടങ്ങി: ''മകനേ! നിന്റെ കാതുകൾ കുറുപുലർത്തി. അല്ലാഹു നീ പറഞ്ഞ കാര്യം സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.' അതായത് വഹ്‌യ് ഇതിനെ കുറിച്ചായിരുന്നു.*(സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 354, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

മറ്റൊരു നിവേദനത്തിൽ പറയുന്നു. ഹദ്റത്ത് സയ്ദ് ബിൻ അർഖം വിവരിക്കുന്നു: ഞാൻ നബിﷺതിരുമേനിയുടെ കൂടെ യാത്ര ചെയ്യുകയായിരുന്നു. ദുഃഖത്താൽ എന്റെ തല ഞാൻ താഴ്ത്തിയിരുന്നു. നബിﷺതിരുമേനി എന്റെ അടുത്തുവന്നു, എന്റെ കാതുകളെ തൊട്ടുരുമ്മി എന്റെ മുന്നിൽ പുഞ്ചിരിച്ചുകൊണ്ട് നിന്നു. നബിﷺതിരുമേനിയുടെ ആ പുഞ്ചിരിക്കു പകരം എന്റെ ജീവിതത്തിൽ മറ്റെന്തു കിട്ടിയാലും എനിക്ക് അത്രയും സന്തോഷമുണ്ടാകുമായിരുന്നില്ല. അദ്ദേഹം പറയുന്നു: അത്രമാത്രം നബിﷺതിരുമേനിയുടെ ആ പുഞ്ചിരി എന്റെ ജീവിതത്തിൽ വളരെയേറെ വിലപ്പെട്ടതായിരുന്നു. ഏതായാലും പിന്നെ ഹദ്റത്ത് അബൂബക്റും എന്നെ കണ്ടു. അദ്ദേഹം ചോദിച്ചു: 'നബിﷺതിരുമേനി നിന്നോടെന്താണ് പറഞ്ഞത്?' ഞാൻ പറഞ്ഞു: നബിﷺതിരുമേനി എന്നോടു ഒന്നും പറഞ്ഞില്ല. എന്റെ കാതുകളിൽ തലോടുകയും എന്റെ മുന്നിൽ പുഞ്ചിരിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: നിനക്ക് സുവാർത്തയായിരിക്കട്ടെ!

പിന്നീട് ഹദ്റത്ത് ഉമർ എന്നെ കണ്ടുമുട്ടി. ഞാൻ അദ്ദേഹത്തോടും ഹദ്റത്ത് അബൂബക്റിനോടു പറഞ്ഞ കാര്യങ്ങൾത്തന്നെ പറഞ്ഞു. *(സുനൻ അത്തുർമിദി, അബ്‌വാബു തഫ്സീറുൽഖുർആൻ ഹദീഥ് 3313)*

ഒരുനിവേദനത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു: സൂറ മുനാഫിഖൂൻ ഇറങ്ങിയപ്പോൾ നബിﷺ തിരുമേനി സയ്ദിനെ വിളിച്ചുവരുത്തി, അവിടന്ന് പ്രസ്തുത ആയത്തുകൾ പാരായണം ചെയ്തുകൊണ്ടു പറഞ്ഞു: ***ഇന്നല്ലാഹ ഖദ് സദ്ദഖക്ക*** അതായത് അല്ലാഹു നിന്നെ സത്യപ്പെടുത്തിയിരിക്കുന്നു. *(ബുഖാരി കിതാബുത്തഫ്സീർ ബാബു ഖൗലുഹു വഇദാ ഖീലലഹും തആലൗ..ഹദീഥ്4904)*

സൂറ മുനാഫിഖൂൻ ഇറങ്ങിയതിനുശേഷം ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്ത്رض, ഇബ്നു ഉബയ്യിന്റെ അടുക്കലൂടെ പോയെങ്കിലും അയാളോടു സലാം പോലും പറഞ്ഞില്ല. പിന്നെ ഔസ് ബിൻ ഖൗലീയും പോയിരുന്നു. അദ്ദേഹവും സലാം പറഞ്ഞില്ല. ഇതു കണ്ടപ്പോൾ ഇബ്നു ഉബയ്യ് പറഞ്ഞു: 'ഇതെന്തുപറ്റി, ഇക്കാര്യത്തിൽ നിങ്ങൾ പരസ്പര ധാരണയിലാണോ?' അത് അവർ കേട്ടു. രണ്ട് സ്വഹാബാക്കളും അയാളുടെ അടുത്തെത്തി അയാളുടെ ചെയ്തിയിൽ അയാളെ നല്ലവണ്ണം ശകാരിച്ചുകൊണ്ടു പറഞ്ഞു: 'നിന്റെ വർത്തമാനങ്ങളെ വ്യാജമാക്കുന്ന ഖുർആൻ ആയത്തുകൾ ഇറങ്ങിയിരിക്കുന്നു.' ഔസ് ബിൻ ഖൗലീ പറഞ്ഞു: 'നീ നിന്റെ പ്രവർത്തനങ്ങളിൽനിന്ന് പിന്തിരിഞ്ഞുവെന്നും നീ അല്ലാഹുവിനോടു തൗബ ചെയ്തുവെന്നും അറിയുന്നതുവരെയും ഇപ്പോൾ നിന്നെ സംബന്ധിച്ച് ഒരു കാര്യവും പറയുന്നില്ല. ഞങ്ങൾ നിനക്കുവേണ്ടി സയ്ദ് ബിൻ അർഖമിനെ നീ നിന്റെ സമുദായത്തിലെ ഒരാളെ സംബന്ധിച്ച് തെറ്റായ കാര്യങ്ങൾ പറഞ്ഞുവെന്ന് ദോഷിച്ചുകൊണ്ടിരുന്നു. പക്ഷേ, ഇപ്പോൾ സയ്ദ് പറഞ്ഞത് സത്യമാണെന്ന് വന്നിരിക്കുന്നു നിന്റെ കളവിനെ പറ്റി ഖുർആനിക ആയത്തുകൾ സാക്ഷ്യം നൽകുന്നു.' *(കിതാബുൽമഗാസി വാഖ്ദി വാള്യം 1 പേജ് 356 ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)*

നബിﷺതിരുമേനി സ്വഹാബാക്കളോടു പുറപ്പെടാൻ കൽപ്പിച്ചപ്പോൾ അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റെ മകൻ അബ്ദുല്ലാഹ് ആളുകളുടെ മുന്നിൽ വഴിയിലെത്തി തന്റെ പിതാവിനു മുന്നിൽ നിന്നു, പിതാവിനെ കണ്ടപ്പോൾ തടഞ്ഞുകൊണ്ട് പറഞ്ഞു: 'താങ്കൾ നിന്ദ്യനിൽ നിന്ദ്യനും നബിﷺതിരുമേനി വന്ദ്യനിൽ വന്ദ്യനുമാണെന്ന് പറയുന്നതുവരെ താങ്കളെ ഞാൻ മുന്നോട്ടു പോകാൻ അനുവദിക്കുകയില്ല.' നബിﷺതിരുമേനി അതിലൂടെ പോയപ്പോൾ പറഞ്ഞു: 'അയാളെ ഒഴിവാക്കൂ, എന്റെ ആയുസ്സാണെ സത്യം! അയാൾ നമ്മുടെ ഇടയിൽ ഉള്ളിടത്തോളം അയാളോടു നാം നല്ല രീതിയിൽ വർത്തിക്കുന്നതായിരിക്കും.'*(അത്ത്വബഖാത്തുൽ കുബ്റാ ഭാഗം 2, പേജ് 50, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്رض ഇതു സംബന്ധമായി എഴുതുന്നു: ''അബ്ദുല്ലാഹ് തന്റെ പിതാവിനെതിരിൽ എത്രമാത്രം ആവേശത്തിലായിരുന്നുവെന്നാൽ, ഇസ്‌ലാമിക സൈന്യം മദീനയിലേക്ക് തിരിച്ചുവരുമ്പോൾ അദ്ദേഹം തന്റെ പിതാവിന്റെ വഴി തടഞ്ഞുകൊണ്ടു പറഞ്ഞു: 'അല്ലാഹുവാണെസത്യം! താങ്കൾ താങ്കളുടെ നാവുകൊണ്ടു നബിﷺതിരുമേനി വന്ദ്യനിൽ വന്ദ്യനും താങ്കൾ നിന്ദ്യനിൽ നിന്ദ്യനുമാണെന്ന് പറയുന്നതുവരെ താങ്കളെ പോകാൻ ഞാൻ അനുവദിക്കുക്കുകയില്ല.' അബ്ദുല്ലായുടെ മുന്നിൽ അവസാനം നിർബന്ധിതനായി അയാൾക്ക് അതേറ്റു പറയേണ്ടി വന്നു. തുടർന്ന് അബ്ദുല്ലാഹ് വഴിമാറികൊടുക്കുകയും ചെയ്തു. തിരിച്ചുള്ള യാത്ര തുടങ്ങിയപ്പോൾ ആ ദിവസത്തിന്റെ ബാക്കി ഭാഗവും മുഴുവൻ രാത്രിയും അടുത്ത ദിവസത്തിന്റെ പ്രാരംഭഘട്ടത്തിലും ഇസ്‌ലാമിക സൈന്യം തുടർച്ചയായി യാത്ര ചെയ്തുകൊണ്ടേയിരുന്നു. അവസാനം തമ്പടിച്ചപ്പോൾ ക്ഷീണം കാരണം അവരിൽ ഭൂരിഭാഗമാളുകളും ഗാഢനിദ്രയിലാണ്ടു. ഏതായാലും നബിﷺതിരുമേനി വളരെ ജാഗ്രതയോടെ ജനങ്ങളുടെ ശ്രദ്ധ ഒരു അനിഷ്ട സംഭവത്തിൽ നിന്ന് തിരിക്കുകയും ഒരു നീണ്ട യാത്രവരെയും മറ്റൊരു കാര്യത്തിലാക്കിക്കീർക്കുകയും ചെയ്തു. അങ്ങനെ അല്ലാഹു വിശ്വാസികളെ സംരക്ഷിച്ചു. വാസ്തവത്തിൽ മുനാഫിക്കീങ്ങൾ മദീനയിലെപ്പോഴും എങ്ങനെയെങ്കിലും മുസ്‌ലിമീങ്ങൾക്കിടയിൽ ആഭ്യന്തരയുദ്ധം ഉണ്ടാക്കുന്നതിനും പരസ്പരം വഴക്കുണ്ടാക്കുന്നതിനും ശ്രമിച്ചുകൊണ്ടിരുന്നു. സാധ്യമെങ്കിൽ നബിﷺതിരുമേനിയുടെ അന്തസ്സിന് കോട്ടമുണ്ടാക്കാനും ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷേ, ഇസ്‌ലാമിന്റെയും നബിﷺതിരുമേനിയുടെയും കാന്തികശക്തി മുസ്‌ലിമീങ്ങളെ എല്ലാതരം ഗൂഢാലോചനയുടെ വിള്ളലുകളിൽനിന്നും ശക്തമായ ഐക്യബന്ധത്തിലാക്കിയിട്ടുണ്ടായിരുന്നു. നബിﷺതിരുമേനിയുടെ വ്യക്തിത്വത്തെ സംബന്ധിച്ച് മുസ്‌ലിമീങ്ങളുടെ ഹൃദയത്തിലുണ്ടായിരുന്ന ബഹുമാനവും ആദരവും ആത്മാർഥതയും വിശ്വാസവും സ്നേഹവും എത്രമാത്രം ആഴത്തിലുള്ള തായിരുന്നുവെന്നാൽ അവയെ ഏതെങ്കിലും മനുഷ്യശക്തിക്ക് ഇളക്കാൻ കഴിയുമായിരുന്നില്ല. അങ്ങനെ അതേ അവസരത്തെതന്നെ നോക്കുക, അവിടെ കപട വിശ്വാസികളുടെ നേതാവ് അബ്ദുല്ലാഹ് ബിൻ ഉബയ്യ് സാധാരണക്കാരായ രണ്ട് മുസ്‌ലിമീങ്ങളുടെ ഒരു നിസ്സാര വഴക്കിൽനിന്ന് മുതലെടുത്ത് എങ്ങനെയാണ് സ്വഹാബാക്കൾക്കിടയിൽ ഛിദ്രത ഉണ്ടാക്കാനും നബിﷺതിരുമേനിയുടെ സ്നേഹത്തിനും ആദരവിനും കോട്ടം വരുത്താനും ശ്രമിച്ചതെന്ന് നോക്കുക. പക്ഷേ, അതിന്റെ പരാജയമാണ് അയാൾക്ക് കാണേണ്ടി വന്നത്. അല്ലാഹു അയാളുടെ മകന്റെ കൈകൾകൊണ്ടുതന്നെ നിന്ദാവഹമായ ഫലം ആസ്വദിപ്പിച്ചു. അതൊരുപക്ഷേ, അയാൾ മരണം വരെയും മറന്നിരിക്കാനിടയില്ല.' *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്رضഎം.എ. പേജ് 561-562)*

മറ്റൊരു നിവേദനത്തിൽ എഴുതിയിരിക്കുന്നു: ഈ സംഭവത്തിനുശേഷം ഇബ്നു ഉബയ്യ് ഇങ്ങനെയുള്ള ഏതു കാര്യം പറയുമ്പോഴും അയാളുടെ സമൂഹത്തിൽപെട്ട ആളുകൾ അയാളെ ശാസിച്ചിരുന്നു. അയാളെ തടയുകയും ചെയ്തിരുന്നു. കാര്യങ്ങളെല്ലാം അറിഞ്ഞപ്പോൾ നബിﷺതിരുമേനി ഹദ്റത്ത് ഉമറിനോടു പറഞ്ഞു: 'ഉമറേ! ഇനി പറയൂ, ഞാൻ അന്ന് നിങ്ങളെന്നോടു പറഞ്ഞ ആ ദിവസം അയാളെ വധിച്ചിരുന്നെങ്കിൽ ആളുകൾ എന്നെ സംബന്ധിച്ച് ദുർവിചാരത്തിലാകുമായിരുന്നു. ദ്വേഷപ്പെടുകയും ചെയ്യുമായിരുന്നു. ഇനി ഞാൻ അയാളെ വധിക്കാൻ കൽപ്പിക്കുകയാണെങ്കിൽപോലും ആളുകൾ തീർച്ചയായും അത് ചെയ്യുന്നതായിരിക്കും. കാരണം കാര്യങ്ങളെല്ലാം വ്യക്തമായിരിക്കുന്നു.' ഹദ്റത്ത് ഉമർرضപറഞ്ഞു: 'അല്ലാഹുവാണെ സത്യം! അങ്ങയുടെ തീരുമാനം എന്റെ അറിവിനെക്കാളും അനുഗൃഹീതമാണെന്ന് തീർച്ചയായും ഞാൻ മനസ്സിലാക്കുന്നു.' *(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം പേജ് 672, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رض, ബനൂ മുസ്ത്വലിഖ് യുദ്ധത്തെയും അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റെയും സംഭവത്തെ വിവരിച്ചുകൊണ്ട് പറയുന്നു: 'മക്കയിലെ കാഫിരീങ്ങൾ മുസ്‌ലിമീങ്ങൾക്ക് നഷ്ടമുണ്ടാക്കുന്നതിന് ഒരുങ്ങിയിരിക്കുകയായിരുന്നു. സുഹൃത്തുക്കളായ ഗോത്രങ്ങളും ശത്രുക്കളായിക്കൊണ്ടിരുന്നു. ഈ കപട വിശ്വാസികളും മുസ്‌ലിമീങ്ങൾക്കിടയിൽ ഉണ്ടായിരുന്നതുകൊണ്ട് ഈ സന്ദർഭത്തിൽ മുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്ന് യുദ്ധം ചെയ്യുന്നതിന് മുനാഫിഖീങ്ങൾ ധൈര്യപ്പെട്ടു, ഒരുപക്ഷേ, അവർ ഇങ്ങനെ മുസ്‌ലിമീങ്ങൾക്ക് നഷ്ടം വരുത്തുന്നതിന് അവസരം കിട്ടുമെന്ന് കരുതിയിരുന്നു. ബനു മുസ്ത്വലിഖുമായുള്ള യുദ്ധം ഏതാനും മണിക്കൂറുകൾകൊണ്ട് അവസാനിച്ചു. അതിനാൽ ഈ യുദ്ധത്തിനിടയിൽ കപടവിശ്വാസികൾക്ക് ഒരു ദ്രോഹവും ഉണ്ടാക്കാൻ അവസരം കിട്ടിയില്ല. പക്ഷേ, നബിﷺതിരുമേനി ആ പ്രദേശത്ത് കുറച്ചുദിവസം താമസിക്കാൻ തീരുമാനിച്ചു. നബിﷺതിരുമേനിയുടെ താമസത്തിനിടയിൽ മക്കക്കാരനായ ഒരു മുസൽമാൻ മദീനക്കാരനായ ഒരു മുസ്‌ലിമുമായി കിണറിലെ വെള്ളമെടുക്കുന്ന കാര്യത്തിൽ ശണ്ഠകൂടി. യാദൃച്ഛികമെന്ന് പറയട്ടെ ഈ മക്കക്കാരൻ സ്വതന്ത്രനാക്കപ്പെട്ട അടിമയായിരുന്നു. അയാൾ മദീനക്കാരനായ വ്യക്തിയെ മർദ്ദിച്ചപ്പോൾ അയാൾ മദീനക്കാരെ അതായത് അൻസ്വാറിനെ വിളിച്ചു. മക്കക്കാരൻ മുഹാജിറുകളെയും വിളിച്ചു. അങ്ങനെ ഒരു കലാപം രൂപപ്പെട്ടു. ആരുംതന്നെ എന്താണ് സംഭവമെന്ന് അന്വേഷിക്കുകയുണ്ടായില്ല. ആവേശം മൂത്തപ്പോൾ വഴക്കു തുടങ്ങി, അങ്ങനെ കുഴപ്പങ്ങൾ ആരംഭിച്ചു. ഇരുഭാഗത്തും യുവാക്കൾ വാളുകൾ ഉറയിൽനിന്ന് പുറത്തെടുത്തു. ഇബ്നു ഉബയ്യ് ഇത് അല്ലാഹു ഒരുക്കിയ സന്ദർഭമാണെന്നു കരുതി. അതായത് അല്ലാഹു അയാൾക്ക് അവസരം കൊടുത്തിരിക്കുകയാണെന്ന് കരുതി. അയാൾ എരിതീയിൽ എണ്ണയൊഴിക്കാൻ ആഗ്രഹിക്കുകയായിരുന്നു. മദീനക്കാരെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'മുഹാജിരീങ്ങൾ നിങ്ങളുടെ ഔദാര്യത്തിൽ ഒരുപാട് അതിരുകടന്നിരിക്കുകയാണ്. നിങ്ങളുടെ നന്മയുള്ള പെരുമാറ്റം കാരണം അവർക്ക് തലതിരിഞ്ഞു പോയിരിക്കുന്നു. അവർ കൂടെക്കൂടെ നിങ്ങളുടെ തലയിൽ കയറുകയാണ്.'

അബ്ദുല്ലാഹ് പ്രതീക്ഷിച്ച പ്രതികരണം ഈ പ്രസംഗത്തിനുണ്ടാവുകയും വഴക്ക് രൂക്ഷമാവുകയും ചെയ്യുമായിരുന്നു. പക്ഷേ, അതുണ്ടായില്ല. അബ്ദുല്ലാഹ് തന്റെ ദ്രോഹപരമായ പ്രസംഗത്തിന് ഉണ്ടാകാനിടയുള്ള പ്രതികരണം മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടു. അയാളുടെ പ്രസംഗം പ്രഭാവമുണ്ടാക്കുമെന്ന് കരുതി ഇത്രത്തോളം അയാൾ പറഞ്ഞു: 'നമ്മൾ മദീനയിൽ തിരിച്ചെത്തിയാൽ ഏറ്റവും ബഹുമാന്യനായ വ്യക്തി ഏറ്റവും നിന്ദ്യനായ വ്യക്തിയെ അവിടെനിന്ന് പുറത്താക്കുന്നതാണ്.' ബഹുമാന്യ വ്യക്തി എന്ന് അയാൾ തന്നെക്കുറിച്ചും നിന്ദ്യനായ വ്യക്തി എന്ന് നഊദുബില്ലാഹ്, നബിﷺതിരുമേനിയേയുമാണ് ഉദ്ദേശിച്ചത്. ഏതായാലും ഇങ്ങനെ ഈ കാര്യങ്ങളെല്ലാം അയാളുടെ വായിൽനിന്ന് വന്നു. വിശ്വാസികൾക്ക് അയാളുടെ യാഥാർഥ്യം മനസ്സിലായി. അവർ പറഞ്ഞു: 'ഇതൊരു നിസ്സാര കാര്യമല്ല. പ്രത്യുത ശയ്ത്വാന്റെ വാക്കുകളാകുന്നു. അവൻ നമ്മളെ വഴികേടിലാക്കാൻ വന്നതാണ്.' ഒരു യുവാവായ വ്യക്തി എഴുന്നേറ്റ് തന്റെ പിതൃവ്യൻ മുഖേന നബിﷺതിരുമേനിയുടെ അടുക്കൽ ഈ കാര്യങ്ങളെല്ലാമെത്തിച്ചു. നബിﷺതിരുമേനി അബ്ദുല്ലാഹ് ബിൻ സുലൂലിനെയും അയാളുടെ കൂട്ടുകാരെയും വിളിപ്പിച്ചു. അവരോടു ചോദിച്ചു: 'എന്താണ് പ്രശ്നം?' അയാളും അയാളുടെ കൂട്ടുകാരും അതെല്ലാം പൂർണമായും നിഷേധിച്ചു. എന്നിട്ട് പറഞ്ഞു: 'ഞങ്ങളെപ്പറ്റി പറയുന്ന

കാര്യങ്ങളൊന്നുംതന്നെ ഉണ്ടായിട്ടേയില്ല.' അങ്ങനെ അവരത് പൂർണ്ണമായും നിഷേധിച്ചു. നബിﷺതിരുമേനി ഒന്നും പറഞ്ഞില്ല. എന്നാൽ, യാഥാർഥ്യം പരന്നു തുടങ്ങി. കുറച്ചുസമയത്തിനകം അബ്ദുല്ലാഹ് ബിൻ അബ്ദുല്ലായും ഈ കാര്യങ്ങൾ കേട്ടു. അദ്ദേഹം ഉടൻതന്നെ നബിﷺതിരുമേനിയുടെ സവിധത്തിലെത്തി പറഞ്ഞു: 'എന്റെ പിതാവ് അങ്ങയെ അപഹസിച്ചിരിക്കുന്നു. അതിനുള്ള ശിക്ഷ മരണമാണ്. അങ്ങ് തീരുമാനമെടുക്കുകയാണെങ്കിൽ എന്റെ പിതാവിനെ വധിക്കാൻ എന്നോടു കൽപ്പിക്കണം. മറ്റാർക്കെങ്കിലും കൽപ്പന നൽകുകയും എന്റെ പിതാവ് അയാളുടെ കൈകളാൽ കൊല്ലപ്പെടുകയും ചെയ്താൽ ഒരുപക്ഷേ, അയാളോടു എന്റെ പിതാവിനെ കൊന്നതിനുള്ള പ്രതികാരം ചോദിക്കാൻ എനിക്കു തോന്നുന്നതായിരിക്കും. അങ്ങനെ എനിക്ക് അല്ലാഹുവിന്റെ വെറുപ്പും ഏൽക്കേണ്ടിവരും. കാരണം ദ്വേഷത്തിന്റെ കുറെയൊക്കെ സ്വഭാവങ്ങൾ അവരുടെ സ്വഭാവത്തിലുമുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: അതുകൊണ്ട് അങ്ങ് എന്റെ പിതാവിനെ വധിക്കാൻ എന്നോടു കൽപ്പിച്ചാലും! പക്ഷേ, നബിﷺതിരുമേനി പറഞ്ഞു: ഞാൻ അങ്ങനെ ഉദ്ദേശിക്കുന്നില്ല. നിങ്ങളുടെ പിതാവിനോടു സൗമ്യമായും ഔദാര്യത്തോടെയും നമ്മൾ വർത്തിക്കുന്നതാണ്. അബ്ദുല്ലാഹ് തന്റെ പിതാവിന്റെ മോശമായ രീതിയിലുള്ള വർത്തമാനവുമായി നബിﷺതിരുമേനിയുടെ സൗമ്യമായ പെരുമാറ്റത്തെ തുലനം ചെയ്തപ്പോൾ അദ്ദേഹത്തിന്റെ വിശ്വാസം വർധിക്കുകയാണ് ചെയ്തത്. തന്റെ പിതാവിനെതിരെ അദ്ദേഹത്തിന്റെ ദ്വേഷവും വർധിച്ചു.

അങ്ങനെ സൈന്യം മദീനയ്ക്ക് അടുത്തെത്തിയപ്പോൾ അദ്ദേഹം മുന്നോട്ടുവന്നു തന്റെ പിതാവിന്റെ വഴി തടഞ്ഞുകൊണ്ട് പറഞ്ഞു: 'നബിﷺതിരുമേനിയെ പറ്റി താങ്കൾ പറഞ്ഞ കാര്യങ്ങൾ തിരിച്ചു പറയുന്നതുവരെയും ഞാൻ താങ്കളെ മദീനയിൽ കടത്തിവിടുന്നതല്ല. ഏതൊരു നാവു കൊണ്ടാണോ താങ്കൾ അല്ലാഹുവിന്റെ റസൂൽﷺ നിന്ദ്യനെന്നും നിങ്ങളെ വന്ദ്യനെന്നും പറഞ്ഞത് അതുകൊണ്ടുതന്നെ നിങ്ങൾ അല്ലാഹുവിന്റെ നബി ഏറ്റവും വന്ദ്യനും താങ്കൾ നിന്ദ്യനുമാണെന്ന് പറയണം. താങ്കൾ ഇതു പറയുന്നതുവരെയും താങ്കളെ ഞാനൊരിക്കലും വിടുന്നതല്ല. അബ്ദുല്ലാഹ് ബിൻ ഉബയ്യ് അത്ഭുതപ്പെടുകയും ഭയപ്പെടുകയും ചെയ്തു. അയാൾ പറഞ്ഞു: ''എന്റെ മകനേ! ഞാൻ നിന്നോട് യോജിക്കുന്നു. മുഹമ്മദ് സല്ലല്ലാഹു അലയ്ഹിവസല്ലം ഏറ്റവും ബഹുമാന്യനും ഞാൻ ഏറ്റവും നിന്ദ്യനുമാകുന്നു.' അതോടെ അബ്ദുല്ലാഹ് പിതാവിനെ വിട്ടയച്ചു. *(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാള്യം 20, പേജ് 265-267)*

ഈ യാത്രയ്ക്കിടയിൽ തമ്പടിച്ച സ്ഥലത്ത് നബിﷺതിരുമേനിയുടെ ഒട്ടകം കളഞ്ഞുപോയി. അതിന്റെ വിശദീകരണം ഇപ്രകാരമാണ്: ബനു മുസ്ത്വലിഖിൽ നിന്നുള്ള തിരിച്ചുവരവിൽ നബിﷺതിരുമേനി ഹുവയ്ഖുന്നഖീഅ് അല്ലെങ്കിൽ ബഖ്ആഅ് എന്ന് പേരുള്ള ഒരു അരുവിയിൽ ഇറങ്ങി. *(അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം പേജ് 671, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്).* ബഖആഅ്, നഖീയിന്റെ മേൽഭാഗത്താണുള്ളത്. മദീനയിൽനിന്ന് തെക്ക് 40 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്നു.*(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 7, പേജ് 191-192, ദാറുസ്സലാം രിയാള് 1435 ഹിജ്റ)* ഏതായാലും ഈ സ്ഥലത്ത് മുസ്‌ലിമീങ്ങൾ തങ്ങളുടെ മൃഗങ്ങളെ മേയാൻ വിട്ടു. അതിന്നിടയിൽ ശക്തമായ പൊടിക്കാറ്റ് വീശി. ഈ ശക്തമായ കാറ്റിന്നിടയിൽ നബിﷺതിരുമേനിയുടെ ഒട്ടകം ഖസ്വാഅ് കാണാതെയായി. മുസ്‌ലിമീങ്ങൾ എല്ലായിടത്തും അന്വേഷിക്കാൻ തുടങ്ങി. സയ്ദ് ബിൻ ലുസ്വയ്ത്ത്, അൻസ്വാറിന്റെ ഒരു സംഘത്തിലാണുണ്ടായിരുന്നത്. ഇയാൾ മുനാഫിഖായിരുന്നു. ഈ സംഘത്തിൽ അബ്ബാദ് ബിൻ ബിശ്ർ ബിൻ വഖ്ശ്, സലമാ ബിൻ സലാമയും ഉസയ്ദ് ബിൻ ഹുളയ്റുമുണ്ടായിരുന്നു. സയ്ദ് ബിൻ ലുസ്വയ്ത്ത് യഹൂദി ഗോത്രമായ ബനു ഖയ്നഖായിൽപെട്ട ആളായിരുന്നു. അയാൾ പ്രത്യക്ഷത്തിൽ മുസ്‌ലിമാകുകയും ആന്തരികമായി യഹൂദിയായി തുടരുകയും ചെയ്ത യഹൂദ പണ്ഡിതന്മാരുടെ ഗണത്തിലാണ് എണ്ണപ്പെട്ടിരുന്നത്. ഈ മുനാഫിഖ് അതായത് സയ്ദ് ബിൻ ലുസ്വയ്ത്ത് പറഞ്ഞു: 'ആളുകളെന്തിനാണ് ഓടിക്കിതയ്ക്കുന്നത്?' അപ്പോൾ നബിﷺതിരുമേനിയുടെ ഒട്ടകം അന്വേഷിക്കുകയാണെന്നും അത് കളഞ്ഞുപോയെന്നും അയാളോടു പറഞ്ഞു. ലുസ്വയ്ത്ത് പറഞ്ഞു: അല്ലാഹു അദ്ദേഹത്തിന് അത് എവിടെയാണെന്ന് പറഞ്ഞു കൊടുക്കുന്നില്ലേ? അയാളുടെ ഈ വർത്തമാനം വിചിത്രമായി അവർക്കുതോന്നി. അവർ പറഞ്ഞു: ഹേ അല്ലാഹുവിന്റെ ശത്രു! ഉന്നതനായ റബ്ബ് നിന്നെ നശിപ്പിക്കട്ടെ! നീ മുനാഫിഖാകുന്നു! അയാൾ ഇങ്ങനെ പറഞ്ഞത് കേട്ടപ്പോൾ വിശ്വാസികൾക്ക് അയാൾ കപടതയുടെ വർത്തമാനമാണ് പറയുന്നതെന്ന് മനസ്സിലായി. അവർ പറഞ്ഞു: നീ മുനാഫിഖാണ്. തുടർന്ന് ഹദ്റത്ത് ഉസയ്ദ് ബിൻ ഹുളയ്ർ അയാളിലേക്ക് തിരിഞ്ഞുകൊണ്ടു പറഞ്ഞു: ഇയാളെക്കുറിച്ച് നബിﷺതിരുമേനിയുടെ അഭിപ്രായമെന്താണെന്നുള്ള ആശങ്കയില്ലായിരുന്നെങ്കിൽ ഞാൻ ഈ കുന്തംകൊണ്ട് അയാളെ വകവരുത്തുമായിരുന്നു. ഹേ അല്ലാഹുവിന്റെ ശത്രൂ! നിന്റെ മനസ്സിൽ ഇങ്ങനെ കാപട്യമുണ്ടായിരുന്നെങ്കിൽ എന്തിനാണ് ഞങ്ങളോടൊപ്പം പുറപ്പെട്ടത്? അയാൾ പറഞ്ഞു: ഞാൻ ഭൗതിക വസ്തുക്കൾ നേടുന്നതിനു വേണ്ടിയാണ് വന്നിട്ടുള്ളത്. അതായത് അയാളുടെ കാര്യങ്ങൾ കുറച്ചൊക്കെ വെളിപ്പെട്ടു തുടങ്ങി. അയാൾ പറഞ്ഞു: 'അല്ലാഹുവാണെ സത്യം! നബിﷺതിരുമേനി നമുക്ക് വലിയ വലിയ കാര്യങ്ങൾ പറഞ്ഞു തരുന്നു, ദിവ്യമായ വിഷയങ്ങളെക്കുറിച്ച് മനസ്സിലാക്കിത്തരുന്നു എന്നിരിക്കെ ഈ ഒട്ടകത്തെ കുറിച്ച് എന്തുകൊണ്ട് പറയുന്നില്ല?' പറയുന്നു: വലിയ പ്രവചനങ്ങളെ കുറിച്ച് അല്ലാഹു തനിക്ക് പറഞ്ഞുതരുന്നുവെന്നു പറയുന്നു, ഒട്ടകത്തെക്കുറിച്ച് എന്തുകൊണ്ടാണ് അറിവ് കിട്ടാത്തത്? അതായത് അയാൾ കാപട്യത്തിന്റെ വർത്തമാനങ്ങൾ പറഞ്ഞു തുടങ്ങി. അവിടെയുണ്ടായിരുന്നവരെല്ലാം അയാളുടെ നേർക്ക് തിരിഞ്ഞു, എന്നിട്ട് പറഞ്ഞു: 'അല്ലാഹുവാണെ സത്യം! താങ്കളുടെ ഹൃദയത്തിൽ ഇത്തരം ചിന്താഗതിയാണ് ഉണ്ടായിരുന്നതെങ്കിൽ താങ്കളോടു ഞങ്ങളൊരിക്കലും ഒരുമിക്കുമായിരുന്നില്ല, ഇനി നമുക്കൊന്നിച്ച് നിൽക്കാൻ സാധ്യമല്ല. അയാൾ ഭയപ്പെട്ടുകൊണ്ട് അവിടെനിന്നോടിപ്പോയി. സ്വഹാബാക്കൾ ആക്രമിക്കുമെന്ന് അയാൾ ആശങ്കപ്പെട്ടു. സ്വഹാബാക്കൾ അവിടെയുണ്ടായിരുന്ന അയാളുടെ സാധനങ്ങളെല്ലാമെടുത്ത് പുറത്തിട്ടു. ഏതായാലും അയാൾ സ്വഹാബാക്കളിൽ നിന്ന് രക്ഷപ്പെട്ട് നബിﷺതിരുമേനിയുടെ സവിധത്തിൽ അഭയം തേടാൻ വന്നിരുന്നു. നബിﷺതിരുമേനിക്ക് അയാൾ പറഞ്ഞതിനെ കുറിച്ച് അപ്പോഴേക്കും ആകാശത്തുനിന്ന് വഹ്‌യ് ഇറങ്ങിയിട്ടുണ്ടായിരുന്നു. ആ നേരത്ത് മുനാഫിക്കീങ്ങൾ അത് കേൾക്കുകയായിരുന്നു. നബിﷺതിരുമേനി പറഞ്ഞു: മുനാഫിക്കീങ്ങളിലൊരാൾ ഈ പ്രയാസഘട്ടത്തിൽ നബിﷺതിരുമേനിയുടെ ഒട്ടകം നഷ്ടപ്പെട്ടതിൽ സന്തോഷിക്കുകയാണ്. അയാൾ പറയുന്നു: അല്ലാഹു അത് ഇന്ന സ്ഥലത്താണുള്ളതെന്ന് എന്തുകൊണ്ട് അദ്ദേഹത്തിന് പറഞ്ഞു കൊടുക്കുന്നില്ല? കാരണം എന്റെ ആയുസ്സാണ് സത്യം! മുഹമ്മദ് സല്ലല്ലാഹു അലയ്ഹിവസല്ലം നമുക്ക് ഒട്ടകത്തേക്കാളും വലിയ വലിയ കാര്യങ്ങളെക്കുറിച്ച് അറിവ് നൽകുന്നു അല്ലാഹു അല്ലാതെ ആരും തന്നെ അദൃശ്യകാര്യങ്ങൾ അറിയുന്നില്ല. അയാളവിടെ ഇരുന്നപ്പോൾ നബിﷺതിരുമേനി എല്ലാ കാര്യങ്ങളും പറയുകയുണ്ടായി. അല്ലാഹു എനിക്ക് ഒട്ടകത്തെക്കുറിച്ചും പറഞ്ഞു തന്നിരിക്കുന്നു. നബിﷺതിരുമേനി പറഞ്ഞു: അല്ലാഹു എനിക്ക് ഒട്ടകം എവിടെയുണ്ടെന്ന് പറഞ്ഞു തന്നിരിക്കുന്നു. ആ മുന്നിലുള്ള താഴ്വരയിൽ അതുണ്ട്. അതിന്റെ കടിഞ്ഞാൺ മരത്തിൽ കെട്ടുപിണഞ്ഞു കിടക്കുകയാണ്. നിങ്ങൾ അതിന്റെ അടുത്ത് പോവുക. സ്വഹാബാക്കൾ അവിടെ പോയപ്പോൾ നബിﷺതിരുമേനി പറഞ്ഞതുപോലെതന്നെ അതിനെ കണ്ടെത്തി. ആ മുനാഫിഖ് അതു കണ്ടപ്പോൾ സ്തബ്ധനായി ഉടൻ തന്നെ എഴുന്നേറ്റ് തന്റെ കൂട്ടുകാരുടെ അടുത്തു പോകുകയും ചെയ്തു. അവരുടെ അടുത്തെത്തിയപ്പോൾ സ്വഹാബാക്കൾ പറഞ്ഞു: ഞങ്ങളുടെ അടുത്ത് വരേണ്ട. അയാൾ പറഞ്ഞു: ഞാൻ നിങ്ങളോടു ഒരു കാര്യം ചോദിക്കാനാഗ്രഹിക്കുന്നു, അയാൾ സമീപത്തെത്തി പറഞ്ഞു: ഞാൻ അല്ലാഹുവിനെ മുൻനിറുത്തി നിങ്ങളോടു ചോദിക്കട്ടെ, നിങ്ങളാരെങ്കിലും നബിﷺതിരുമേനിയുടെ സവിധത്തിലെത്തി ഞാൻ പറഞ്ഞ കാര്യങ്ങൾ അദ്ദേഹത്തോടു പറഞ്ഞിരുന്നുവോ? അവർ പറഞ്ഞു: അല്ലാഹുവാണെ സത്യം! ഞങ്ങളാരും പറഞ്ഞിട്ടില്ല. ഞങ്ങൾ ഈ സദസ്സിൽനിന്ന് എഴുന്നേറ്റു പോലുമില്ല. അയാൾ പറഞ്ഞു: ഞാൻ പറഞ്ഞ കാര്യങ്ങൾ ആളുകൾ സംസാരിക്കുന്നതായി കേട്ടു. അവരോടു ഇക്കാര്യം നബിﷺതിരുമേനി

**• ഹദീഥുന്നബ്വി(സ) •**

"അല്ലാഹുവിന്റെ ഗ്രന്ഥം ഏറ്റവും നല്ലവണ്ണം അറിയുന്നയാളാണ് ജനങ്ങളുടെ ഇമാമത്ത് (നേതൃത്വം)വഹിക്കേണ്ടത്. വിശുദ്ധ ഖുർആനിനെ കുറിച്ചുള്ള ജ്ഞാനം സമമായിട്ടുള്ളവരാണെങ്കിൽ സുന്നത്തിൽ കൂടുതൽ ജ്ഞാനമുള്ളവൻ."(മിശ്ക്കാത്ത് 4:26)

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്വി(സ) •**

"സ്വുബ്ഹി നമസ്കാരത്തിനുശേഷം സൂര്യൻ പ്രകാശിക്കുന്നതുവരേയും അസ്വ്ർ നമസ്കാരത്തിനുശേഷം അത് അസ്തമിക്കുന്നതുവരേയും നമസ്കാരത്തെ നബിﷺനിരോധിച്ചിരിക്കുന്നു." (ബുഖാരി. 9:30)

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

പറഞ്ഞതാണ്. പിന്നീട് അയാൾ നബിﷺതിരുമേനി തന്നോടു പറഞ്ഞ കാര്യങ്ങളും അവരോടു പറഞ്ഞു. നബിﷺതിരുമേനിയുടെ ഒട്ടകം കിട്ടയതും മറ്റും. അയാൾ പറഞ്ഞു:എനിക്ക് നബിﷺ തിരുമേനിയെ കുറിച്ച് സംശയങ്ങളുണ്ടായിരുന്നു. ഇപ്പോൾ ഞാൻ നബിﷺ തിരുമേനി അല്ലാഹുവിന്റെ സത്യ റസൂലാ ണെന്ന് സാക്ഷ്യം പറയുന്നു. അതായത് ഞാനിപ്പോഴാണ് ഇസ്‌ലാം സ്വീകരിച്ചത്. ഈ സംഭവത്തിനുശേഷം അയാൾ പറഞ്ഞു: ഇപ്പോഴാണ് ഞാൻ സത്യമായും ഇസ്‌ലാം സ്വീകരിച്ചത്. സഹാബാക്കൾ പറഞ്ഞു: താങ്കൾ നബിﷺതിരുമേനിയുടെ അടുത്ത് പോകുക. നബിﷺതിരുമേനി നിങ്ങൾക്കുവേണ്ടി പൊറുക്കലിനെ തേടുന്നതാണ്. അങ്ങനെ അയാൾ നബിﷺതിരുമേനിയുടെ അടുക്കലെത്തി കുറ്റം സമ്മതിക്കുകയും ചെയ്തു. *(സുബുലുൽ ഹുദാ വർറശാദ് വാല്യം 4, പേജ് 351-352 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1993)(സീറത്ത് എൻസൈക്ലോപീഡിയ വാല്യം 7, പേജ് 194, ദാറുസ്സലാം രിയാള്)(കിതാബുൽ മഗാസി വാല്യം 1, പേജ് 358-359, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2004)*

ഇബ്നു ഇസഹാഖ് പറഞ്ഞിരിക്കുന്നു, ചില യാളുകൾ വിവരിക്കുന്നു. സയ്ദ് അതായത് ഈ മുനാഫിഖ് തൗബ ചെയ്തിരുന്നു. അങ്ങനെ ചെയ്തിട്ടില്ലെന്നും പറയപ്പെടുന്നു. *(അൽഇസ്വാബ ഫീ തമീസ്സിസ്സഹാബ വാല്യം 2, പേജ് 512, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)*

ഏതായാലും കുറച്ചു സംഭവങ്ങൾകൂടി പറയാനുണ്ട്. അത് പിന്നീട് വിവരിക്കുന്നതായിരിക്കും.

ഈ സമയത്ത് ബംഗ്ലാദേശിലെ അവസ്ഥകൾക്കുവേണ്ടിയും ദുആയ്ക്ക് പറയാനാഗ്രഹിക്കുന്നു. അവിടെ ഭരണകൂടത്തിന്നെതിരിൽ കലാപം ഉണ്ടായിരിക്കുകയാണ്. ഭരണവ്യവസ്ഥിതി താറുമാറായിരിക്കുന്നു. എന്നാൽ, കുഴപ്പങ്ങൾ തുടരുന്നു. ഇപ്പോൾ കുറച്ചൊക്കെ അവസ്ഥകൾ നന്നായിട്ടുണ്ടെന്നാണ് പറയപ്പെടുന്നത്. ഈ സാഹചര്യത്തിൽ ജമാഅത്തിന്റെ വിരോധികളായ സംഘക്കാർ ഇതിൽനിന്ന് മുതലെടുത്ത് അഹ്മദികൾക്ക് നഷ്ടങ്ങളുണ്ടാക്കാൻ തുടങ്ങിയിട്ടുമുണ്ട്. നമ്മുടെ പല മസ്ജിദുകൾക്കും കേടുപാടുകൾ വരുത്തിയിരിക്കുന്നു. അവ അഗ്നിക്കിരയാക്കി. ജാമിയ അഹ്മദിയക്കും ജമാഅത്ത് കെട്ടിടങ്ങൾക്കും നഷ്ടം വരുത്തിയിട്ടുണ്ട്. അവിടെയും കേടുപാടുകളുണ്ടാക്കുകയും സാധനങ്ങൾക്ക് തീയിടുകയും ചെയ്തിട്ടുണ്ട്. പല അഹ്മദികൾക്കും പരിക്കേറ്റിട്ടുണ്ട്. വളരെ കാര്യമായ പരിക്കുകളാണ്. അഹ്മദികളെ മർദ്ദിച്ചിരിക്കുന്നു. പല അഹ്മദികളുടെയും വീടുകൾക്ക് നഷ്ടം വരുത്തിയിരിക്കുന്നു. മാത്രമല്ല വീടുകൾ മുഴുവനും തീയിട്ടു എന്നും പറയുന്നുണ്ട്. പല സാധനങ്ങളും അഗ്നിക്കിരയാക്കിയിട്ടുണ്ട്. തികച്ചും അരാജകത്വമാണ്. അഹ്മദികൾക്ക് ഒരിക്കൽ ജൽസക്കിടയിലും ഇപ്പോൾ രണ്ടു തവണയും ഈ പ്രദേശത്ത് നഷ്ടം സഹിക്കേണ്ടിവന്നിരിക്കുന്നു. എന്നാൽ, അവരുടെ വിശ്വാസത്തിൽ അല്പംപോലും ചാഞ്ചല്യം വന്നിട്ടില്ല. വിശ്വാസത്തിൽ സുദൃഢരാണ്. അവർ പറഞ്ഞു, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞങ്ങൾ ഇതെല്ലാം സഹിക്കുന്നതാണ്. അല്ലാഹു കരുണയും അനുഗ്രഹവും ചൊരിയുമാറാകട്ടെ.

അതുപോലെ പാക്കിസ്താനിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. അവിടെയും കുറച്ച് കഠിനമായ അവസ്ഥകളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അല്ലാഹു അവരെയും എല്ലാ ഉപദ്രവത്തിൽ നിന്നും സംരക്ഷിക്കുമാറാകട്ടെ. ഇപ്പോൾ മുല്ലാക്കളും സ്വാർഥ താല്പര്യക്കാരും അഹ്മദികൾക്കെതിരെ കൂടുതൽ സജീവവുമാണ്. അല്ലാഹുവിന്റേയും റസൂലിന്റേയും പേരിൽ ഇവർ ആക്രമിക്കുകയാണ്. അല്ലാഹു അവരെ പിടികൂടുന്നതിനുള്ള സംവിധാനം എത്രയും പെട്ടെന്ന് ചെയ്യുമാറാകട്ടെ.

ഫലസ്തീനിലെ മുസ്‌ലിമീങ്ങൾക്കു വേണ്ടിയും ദുആ ചെയ്യുക. അവിടെ അക്രമം നടത്തുന്നവരെയും അല്ലാഹു പിടികൂടുമാറാകട്ടെ. മുസ്‌ലിം ലോകത്തിനുവേണ്ടിയും ദുആ ചെയ്യുക. ഇവർ പരസ്പരം ദ്രോഹിച്ചുകൊണ്ടിരിക്കുകയാണ്. അതും അവസാനിക്കുമാറാകട്ടെ. അല്ലാഹുവുമായി ശരിയായ ബന്ധം ഉണ്ടാക്കുന്നവരായിത്തീരട്ടെ. കാലത്തിന്റെ ഇമാമിനെ അംഗീകരിക്കുന്നവരാകുമാറാകട്ടെ. ഇതു മാത്രമാണ് അവരുടെ നിലനിൽപ്പിനുള്ള മാർഗം. ഇതാണ് മോക്ഷത്തിനുള്ള മാർഗം. പക്ഷേ, ഈ ആളുകൾ അത് മനസ്സിലാക്കുന്നില്ല.

ഈ സമയത്ത് ഞാൻ രണ്ടു ജനാസയും നമസ്കരിപ്പിക്കുന്നതാണ്. പരേതാത്മാക്കളെ അനുസ്മരിക്കാം. ആദ്യത്തെ അനുസ്മരണം, ദക്കാഉർറഹ്മാൻ സാഹിബ് ശഹീദിന്റേതാണ്. ഗുജറാത്ത് ജില്ലയിലെ ലാലാ മൂസാ എന്ന സ്ഥലത്തെ ചൗദരീ അബ്ദുർറഹ്മാൻ സാഹിബിന്റെ മകനായിരുന്നു. കഴിഞ്ഞദിവസം, ജൽസാ നടക്കുന്ന ദിവസങ്ങൾക്കിടയിൽ ഇദ്ദേഹം ശഹീദായി. ജൂലൈ 27-ന് ഏകദേശം 9 മണിക്ക് അജ്ഞാതരായ രണ്ടുപേർ അദ്ദേഹത്തിന്റെ ക്ലിനിക്കിൽ കടക്കുകയും വെടിയുതിർക്കുകയുമായിരുന്നു. അദ്ദേഹം തത്സമയം ശഹീദായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* 53 വയസ്സായിരുന്നു. വിവരങ്ങൾ പ്രകാരം, ഡോക്ടർ ദക്കാഉർറഹ്മാൻ സാഹിബ് ശഹീദ് പതിവുപോലെ ക്ലിനിക്ക് തുറന്നിരിക്കുകയായിരുന്നു. അജ്ഞാതരായ രണ്ട് മുഖംമൂടി ധാരികൾ രാവിലെ ഒമ്പതര മണിക്ക് മോട്ടോർസൈക്കിളിലെത്തി. ഒരാൾ അദ്ദേഹത്തിന്റെ ക്ലിനിക്കിൽ കടന്നു. മറ്റെയാൾ ക്ലിനിക്കിന് പുറത്തുനിന്നു. അകത്തു കടന്നയാൾ ഡോക്ടർ സാഹിബിനു നേർക്ക് നിറയൊഴിക്കാൻ തുടങ്ങി. മൂന്ന് വെടിയുണ്ടകൾ അദ്ദേഹത്തിനേറ്റു. ഒന്ന് നെഞ്ചിൽ ഹൃദയത്തിന്റെ അടുത്താണ് കൊണ്ടത്; ഒന്ന് വയറ്റത്തും മറ്റൊന്ന് കൈയിലും. സംഭവത്തിനുശേഷം കുറ്റവാളികൾ ഓടി രക്ഷപ്പെട്ടു. വെടിവെപ്പിനുശേഷം ബഹളംകേട്ട് ഡോക്ടർ സാഹിബിന്റെ അയൽവാസിയെത്തിയപ്പോൾ അദ്ദേഹത്തെ പരിക്കേറ്റ നിലയിലാണ് കാണുന്നത്. ഡോക്ടർ സാഹിബ് അദ്ദേഹത്തോടു എന്തോ പറയാൻ ശ്രമിക്കുന്നുണ്ടായിരുന്നു. പക്ഷേ, രക്തം ഛർദിച്ചു. അദ്ദേഹം ശഹീദാവുകയും ചെയ്തു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*

ശഹാദത്തുവേളയിൽ അദ്ദേഹം പാക്കിസ്താനിൽ തനിച്ചായിരുന്നു ഉണ്ടായിരുന്നത്. അദ്ദേഹത്തിന്റെ ഭാര്യ യു.കെ. ജൽസാ സാലാനയിൽ പങ്കെടുക്കുന്നതിന് വന്നിരിക്കുകയായിരുന്നു. ഡോക്ടർ ദക്കാഉർറഹ്മാൻ സാഹിബിന്റെ കുടുംബത്തിൽ ചെക്ക് സിക്കന്ദർ വാസിയായ ഹദ്റത്ത് മസീഹ് മൗഊദ് അലയ്ഹിസ്സലാമിന്റെ സ്വഹാബി ഹദ്റത്ത് ഹാഫിള് അഹ്മദ് ദീൻ സാഹിബ് മുഖേനയാണ് അഹ്മദിയ്യത്തെത്തിയത്. ഇദ്ദേഹം 313 സ്വഹാബാക്കളിൽപ്പെട്ടയാളാണ്. ശഹീദിന്റെ പിതാമഹൻ നേക് ആലം സാഹിബ്, അഹമദ് ദീൻ സാഹിബിന്റെ സഹോദര പുത്രനായിരുന്നു. 1901 ജൂൺ 10-ന് ബയ്അത്ത് ചെയ്തശേഷം ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഝലം യാത്രാവേളയിൽ കൈയിൽ നേരിട്ട് ബയ്അത്ത് ചെയ്യാനും സൗഭാഗ്യം കിട്ടി. ഇദ്ദേഹത്തിന്റെ കുടുംബത്തിൽ നേരത്തെയും ശുഹദാക്കളുണ്ടായിട്ടുണ്ട്. ഖലീൽ അഹ്മദ് സോളാങ്കി സാഹിബ് ലാഹോറിൽ ശഹീദായിരുന്നു. ഇദ്ദേഹം ഡോക്ടറുടെ മാതുലപുത്രനാണ്. ശഹീദ് മർഹൂമിന് വിവിധങ്ങളായ ജമാഅത്തി സേവനത്തിനും അവസരം ലഭിച്ചിട്ടുണ്ട്. ദീർഘകാലം ഗുജറാത്ത് ജില്ലയിലെ ലാലാ മൂസ ജമാഅത്തിൽ മാൽ സെക്രട്ടറിയായിരുന്നു. ശഹാദത്തുവേളയിൽ സ്വദർ ജമാഅത്തായി സേവനം ചെയ്യുകയായിരുന്നു. ചന്ദകളിൽ കൃത്യനിഷ്ഠ പാലിക്കുന്ന വ്യക്തിയും സാധുക്കളെ സഹായിക്കുന്ന ആളുമായിരുന്നു. ആദ്യം സാഹചര്യങ്ങളെല്ലാം നന്നായിരുന്നപ്പോൾ സുഹൃത്തുക്കളെ തബ്‌ലീഗ് ആവശ്യാർഥം കേന്ദ്രത്തിലേക്ക് സന്ദർശനത്തിന് കൊണ്ടുവരുമായിരുന്നു.

ഡോക്ടർ ദക്കാഉർറഹ്മാൻ സാഹിബിനെ സംബന്ധിച്ച് ഗുജറാത്ത് ജില്ലാ അമീർ സാഹിബ് പറയുന്നു: ശഹീദ് ഒരുപാട് സൽഗുണങ്ങളുടെ ഉടമസ്ഥനായിരുന്നു. അതിൽ സാമ്പത്തിക ത്യാഗം പ്രത്യേകം പറയേണ്ടതാണ്. ഭാരവാഹികളെയും മറ്റും അപേക്ഷിച്ച് അഹ്മദിയ്യാ ഖിലാഫത്തിന്റെ അനുസരണത്തിൽ സവിശേഷമായ സ്ഥാനമുണ്ടായിരുന്നു. എല്ലാവരേയും മന്ദസ്മിതത്തോടെ കാണുമായിരുന്നു. സൃഷ്ടിസേവന ത്വരയും നല്ലപോലെ ഉണ്ടായിരുന്നു. ഡോക്ടർ സാഹിബ് നിരവധി രോഗികൾക്ക് സൗജന്യ ചികിത്സ നൽകിയിരുന്നു. അദ്ദേഹത്തിന്റെ പ്രദേശത്ത് അനഹ്മദികളായ ആളുകളുമായി നല്ല ബന്ധമായിരുന്നു. അതേക്കുറിച്ച് അദ്ദേഹത്തിന്റെ ശഹാദത്തിനുശേഷം പല അനഹ്മദികളും പറയുകയും അദ്ദേഹത്തിന്റെ ജനാസയിൽ പങ്കെടുക്കുകയും ചെയ്തു.

അമീർ സാഹിബ് എഴുതുന്നു: 2024 വലിയ പെരുന്നാളിനു മുമ്പേ ഡോക്ടർ സാഹിബ് എന്നോടു പറഞ്ഞു: താങ്കളുടെ ജീവന് ഭീഷണിയുണ്ടെന്നും അതുകൊണ്ട് ഈദു കഴിയുന്നതുവരെ ക്ലിനിക്കിൽ വന്നിരിക്കരുതെന്നും സർക്കാരുദ്യോഗസ്ഥന്മാർ

**• ഹദീഥുന്നബ്‌വി(സ) •**

"നിങ്ങൾ നിങ്ങളുടെ നമസ്കാരത്തിന് കരുതിക്കൂട്ടി സൂര്യോദയത്തിനും സൂര്യാസ്തമയത്തിനും കാത്തിരിക്കരുത്."

(ബുഖാരി: 9:30)

ത്വാലിബെ ദുആ

**LATE P.V.SAINAB AND FAMILY**
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വി(സ) •**

"ആരൊരുവൻ ഒരു നമസ്കാരം മറന്നുപോകുന്നുവോ, അവൻ അത് ഓർമിക്കുമ്പോൾ നമസ്കരിക്കട്ടെ. അതിനു പരിഹാരം ഇതല്ലാതെ മറ്റൊന്നില്ല. എന്റെ (ദൈവത്തിന്റെ) ദൈവസ്മരണക്കായി നമസ്കാരം നിലനിറുത്തുക."

(ബുഖാരി. 9:37)

ത്വാലിബെ ദുആ

**PROF.M.K.ABDUL KAREEM AND FAMILY**
KARULAI, MALAPPURAM

വന്ന് അദ്ദേഹത്തോടു പറഞ്ഞിരുന്നു. പക്ഷേ, അദ്ദേഹത്തിന് ധൈര്യമുണ്ടായിരുന്നു, അവിടെ വന്ന് ഇരിക്കുകയും ചെയ്തിരുന്നു.

പരേതന്റെ സന്തപ്ത കുടുംബത്തിൽ ഭാര്യ നെഗീന റഫീഖ് സാഹിബയും ഒരു മകനും മൂന്ന് പെൺമക്കളുമുണ്ട്. രണ്ടു പെൺകുട്ടികളുടെ വിവാഹം കഴിഞ്ഞിരിക്കുന്നു. ഒരു മകൾ ജർമനിയിൽ വിദ്യാർഥിനിയാണ്. അല്ലാഹു ശഹീദിന്റെ പദവികൾ ഉയർത്തുകയും സന്തപ്ത കുടുംബത്തിന് സഹനം നൽകുകയും കുട്ടികൾക്ക് അദ്ദേഹത്തിന്റെ നന്മകൾ തുടരാൻ തൗഫീഖ് നൽകുകയും ചെയ്യുമാറാകട്ടെ.

രണ്ടാമത്തെ ജനാസ മലിക്ക് ബശീർ അഹ്മദ് സാഹിബിന്റെ ഭാര്യ സയീദ ബശീർ സാഹിബയുടേതാണ്. ഇവർ കഴിഞ്ഞ ദിവസം 83-ാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* പരേത, മൂസിയ ആയിരുന്നു. കുടുംബത്തിൽ ഒരു മകനും 3 പെൺമക്കളുമുണ്ട്. ഗാനയിൽ മുറബ്ബിയായ മലിക് ഗുലാം അഹ്മദ് സാഹിബിന്റെ മാതാവാണ്. ഫീൽഡിലായിരുന്ന കാരണത്താൽ അദ്ദേഹത്തിന് തന്റെ മാതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല.

അവരുടെ മകൻ ഗുലാം അഹ്മദ് മുറബ്ബി സാഹിബ് പറയുന്നു: ഞങ്ങളുടെ കുടുംബത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് ؑന്റെ സ്വഹാബിയായ ഞങ്ങളുടെ പിതൃവ്യൻ ഹദ്റത്ത് മലിക്ക് അല്ലാഹ് ബഖ്ശ് സാഹിബ്ؓമുഖേനയാണ് അഹ്മദിയ്യത്ത് എത്തിയത്. അദ്ദേഹം കർമയോഗിയായ പണ്ഡിതനായിരുന്നു. സൂര്യ ചന്ദ്രഗ്രഹണ അടയാളത്തിന് സാക്ഷിയായിക്കൊണ്ട് ലോധ്രാനിൽ നിന്ന് ഖാദിയാനിൽ കാൽനടയായി വന്ന് ബയ്അത്ത് ചെയ്യാൻ തൗഫീഖ് ലഭിച്ചു. അദ്ദേഹത്തിന്റെ മാതാവിനോടു ഹദ്റത്ത് അമ്മ ജാൻ നുസ്റത്ത് ജഹാൻ ബേഗം സാഹിബؓക്ക് പ്രത്യേക വാത്സല്യമായിരുന്നു. മുറബ്ബി സാഹിബ് പറയുന്നു: ഞങ്ങളുടെ മാതാവ് ഞങ്ങളോടു തനിക്ക് ഹദ്റത്ത് അമ്മാജാൻؓന്റെ ഒരുപാട് സ്നേഹം ലഭിച്ചിരുന്നുവെന്ന എപ്പോഴും പറയുമായിരുന്നു. റബ്വയിൽ ഞാൻ അവരുടെ കൂടെയാണ് കഴിഞ്ഞിരുന്നത്. എനിക്കെന്തോ കാരണത്താൽ റൊട്ടി ഇഷ്ടമല്ലായിരുന്നു. പലപ്പോഴും സാമ്പത്തിക ഞെരുക്കം ഉണ്ടായിരുന്നെങ്കിലും പൈസ തന്ന്, അങ്ങാടിയിൽനിന്ന് ബണ്ണ് വാങ്ങിക്കൊണ്ടുവരാൻ പറഞ്ഞിരുന്നു. പിന്നെ ഞാൻ അത് പാലുകൂട്ടി കഴിച്ചിരുന്നു. ഒരിക്കൽ കുട്ടിയായിരുന്നപ്പോൾ എന്തോ കാരണവശാൽ കരഞ്ഞപ്പോൾ അമ്മാജാൻ എന്നെ സ്നേഹപൂർവ്വം മടിയിലിരുത്തി ലാളിച്ചു സ്വന്തം കൈകൊണ്ട് ഭക്ഷണം വാരിത്തന്നു.

പറയുന്നു: എന്റെ മാതാവ് ഒരു അനാഥ കുട്ടിയായാണ് വളർന്നതെങ്കിലും ഹദ്റത്ത് അമ്മാജാൻؓന്റേയും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിؓയുടെയും മറ്റു മഹാത്മാക്കളുടെയും നല്ല സഹവാസം വളരെ ആഴത്തിൽ സ്വാധീനിച്ചിരുന്നു. ജീവിതം മുഴുവനും കൃത്യമായി തഹജ്ജുദ് നമസ്കരിച്ചു, നമസ്കാര കാര്യങ്ങളിലും കൃത്യനിഷ്ഠ ഉണ്ടായിരുന്നു. സ്വന്തം നിലയ്ക്ക് മാത്രമല്ല മക്കളോടും അത് ഉപദേശിച്ചിരുന്നു. കാഴ്ച കുറയുന്നതുവരെയും റമളാനിൽ വിശുദ്ധ ഖുർആൻ മൂന്നുപ്രാവശ്യമെങ്കിലും ഖത്തം ചെയ്തിരുന്നു. ഖിലാഫത്തുമായി സ്നേഹബന്ധവും കൂറും ആത്മാർഥതയുമുണ്ടായിരുന്നു. ഖലീഫമാരുടെ പ്രഭാഷണങ്ങളും ഖുത്ബകളും വളരെ ചിട്ടയോടെ നിശബ്ദമായി ശ്രവിക്കുമായിരുന്നു. മറ്റൊരു പ്രത്യേകത എഴുതുന്നു: ആരോടെങ്കിലും ഉച്ചത്തിൽ സംസാരിക്കുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. കുട്ടികളും ഉച്ചത്തിൽ സംസാരിക്കുമ്പോൾ തടയുമായിരുന്നു. പറയുന്നു: അവരെ എപ്പോഴും തന്റെ ഭർത്താവിന്റെ യഥാർഥ സഖിയായിട്ടാണ് ഞാൻ കണ്ടിട്ടുള്ളത്. കുട്ടികളായ ഞങ്ങളെ നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ളവരാക്കുകയും യസ്സർനൽ ഖുർആൻ പഠിപ്പിക്കുകയും ചെയ്തു. പിന്നീട് ഖുർആനും പഠിപ്പിച്ചു. ഖിലാഫത്തിനോടും ജമാഅത്ത് വ്യവസ്ഥിതിയോടുമുള്ള സ്നേഹം മനസ്സിൽ കുടിയിരുത്തി. എപ്പോഴും പറയുമായിരുന്നു, എനിക്ക് സിയാൽക്കോട്ടിലെ മസ്ജിദിൽ പോകാനും ഹദ്റത്ത് മസീഹ് മൗഊദ്ؑ നമസ്കരിച്ച അനുഗൃഹീത സ്ഥലങ്ങളിൽ നമസ്കരിക്കാനും നല്ല ആഗ്രഹമുണ്ടെന്ന്! മുറബ്ബി സാഹിബ് പറയുന്നു: യാദൃച്ഛികമായി എന്റെ പ്രസംഗം അവിടെ ഉണ്ടായിരുന്നപ്പോൾ ഉമ്മയെയും അവിടെ കൊണ്ടുപോയി. ഉമ്മ മസ്ജിദിന്റെ എല്ലാ ഭാഗത്തു നിന്നും നമസ്കരിച്ചു. വളരെ കരഞ്ഞുകൊണ്ട് നഫ്ലുകൾ നിർവഹിച്ചു. തന്റെ ഹൃദയാഭിലാഷം പൂർത്തിയാക്കിയതിൽ അല്ലാഹുവിനോടു നന്ദി പ്രകടിപ്പിച്ചു. നല്ലപോലെ ദുആ ചെയ്തിരുന്നു. അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തിപ്പെട്ടിരുന്നു. ഭൗതിക മോഡികളിൽ നിന്നും ആഗ്രഹങ്ങളിൽ നിന്നും പൂർണ്ണമായും വിട്ടുനിൽക്കുന്ന ആത്മാർഥതയുള്ള മാതൃകാവനിതയായിരുന്നു അവർ.

അല്ലാഹു പരേതയോടു പൊറുമയോടെയും കരുണയോടെയും വർത്തിക്കുമാറാകട്ടെ. മക്കൾക്കും തലമുറകൾക്കും അവരുടെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നൽകുമാറാകട്ടെ.*(അൽഫള്ൽ ഇന്റർനാഷണൽ 2024 ആഗസ്റ്റ് 30, പേജ് 2-6)* (വിവർത്തനം: എച്ച്. ശംസുദ്ദീൻ കാവശ്ശേരി)

പേജ് 12 ൽ നിന്ന്

ക്തമായ താക്കീതുചെയ്തുകൊണ്ട് നബിﷺ തിരുമേനി അവരോടു പറഞ്ഞു: അവരിരുവരും നിരപരാധികളായിരുന്നു. നിരപരാധിയായവരെ വധിക്കൽ വളരെയധികം ഗുരുതരമായ കുറ്റകൃത്യവും വൻപാപവുമാണ്. ഇസ്‌ലാമിന്റെ സത്യസന്ധവും സുന്ദരവുമായ അധ്യാപനങ്ങളുടെ കേവലം ഒരു മിന്നലാട്ടം എന്ന നിലയിലാണ് പ്രസ്തുത ഉദാഹരണങ്ങൾ സമർപ്പിച്ചത്.

ഇവിടെ സ്വാഭാവികമായും ഒരു ചോദ്യം ഉയരുന്നുണ്ട്. ഇത് ഇസ്‌ലാമിന്റെ ആധികാരിക അധ്യാപനങ്ങളാണെങ്കിൽപ്പിന്നെ അക്രമം കാണിക്കുന്ന മുസ്‌ലിം സംഘടനകളും വ്യക്തികളും എന്തുകൊണ്ടാണ് കാണപ്പെടുന്നത്? സ്വന്തം മുസ്‌ലിം സഹോദരങ്ങളുടേയും അമുസ്‌ലിമീങ്ങളുടേയും മേൽ ഇവർ നിഷ്ഠൂരമായ അക്രമം അഴിച്ചു വിടുന്നു.

നബിﷺതിരുമേനിയുടെ ഒരു ദീർഘദർശനത്തിൽ 1400 വർഷങ്ങൾക്കു മുമ്പേതന്നെ ഈ പ്രശ്നത്തിനുള്ള മറുപടി നല്കപ്പെട്ടിരിക്കുന്നു. വളരെ വ്യക്തമായ രൂപത്തിൽ നബിﷺതിരുമേനി പറഞ്ഞു: ഒരു കാലം വരും, മുസ്‌ലിമീങ്ങളിൽ ഭൂരിഭാഗവും ഇസ്‌ലാമികാധ്യാപനങ്ങളിൽനിന്ന് വ്യതിചലിച്ചു പോകും. ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് നബിﷺ തിരുമേനി മഹത്തായ സുവാർത്തയും നല്കിയിരുന്നു. പ്രസ്തുത ആത്മീയാന്ധകാരം ബാധിക്കുന്ന കാലഘട്ടത്തിൽ അല്ലാഹുവിന്റെ കാരുണ്യവും അനുകമ്പയും ഒരിക്കൽകൂടി ലോകത്തെ വലയം ചെയ്യും. ഇസ്‌ലാമിന്റെ സത്യസന്ധവും കളങ്കരഹിതവുമായ അധ്യാപനങ്ങളെ വീണ്ടും നടപ്പിലാക്കുന്ന ഒരു മഹ്ദീ മസീഹിനെ അല്ലാഹു നിയോഗിക്കും. പ്രസ്തു മഹ്ദീ മസീഹ് വന്നു എന്ന് നമ്മൾ അഹ്മദീ മുസ്‌ലിമീങ്ങൾ വിശ്വസിക്കുന്നു. ഈ മഹാത്മാവാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് അടിസ്ഥാനമിട്ടത്. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനിؑലോകത്ത് ഇസ്‌ലാമിന്റെ സത്യസന്ധവും യഥാർഥവുമായ അധ്യാപനങ്ങളെ പുനരുജ്ജീവിപ്പിച്ചു. അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയ്ക്ക് അല്ലാഹുവിനോടുള്ള കടമകളും മനുഷ്യകുലത്തോടുള്ള കടമകളും നിർവഹിക്കുന്നതിനുള്ള അടിസ്ഥാനപരമായ അധ്യാപനങ്ങളിൽനിന്ന് ഒരു വിധത്തിലും വേറിട്ട് നിൽക്കാൻ സാധ്യമല്ല. ഇന്ന് ഖിലാഫത്ത് സംവിധാനം സാധ്യമാകുന്ന ഓരോ മാർഗവും മുഖേന ലോകത്ത് സമാധാനം സ്ഥാപിക്കാനും എല്ലാ ലോകത്തും സ്നേഹാനുകമ്പ സ്ഥാപിക്കാനും വേണ്ടി ശ്രമിക്കുന്നു.

വ്യസനകരമെന്ന് പറയട്ടെ, ജർമനിയിലെ ചില വിഭാഗങ്ങൾ, ഒരടിപോലും ഈ രാജ്യത്തെ മുന്നോട്ടു ചലിപ്പിക്കാൻ ഖിലാഫത്തിനെ അനുവദിക്കുന്നില്ലെന്ന് അറിയുമ്പോൾ പ്രയാസമുണ്ട്. ഞാൻ മുമ്പേയും സൂചിപ്പിച്ചതുപോലെ യഥാർഥ ഖിലാഫത്ത് അനുകമ്പയും നന്മയും വ്യപിപ്പിക്കാനുള്ള മാർഗമാണ്. സമാധാനത്തോടെ ഈ നാട്ടിൽ താമസിക്കുകയും ഈ രാജ്യത്തെ സ്നേഹിക്കകയും ചെയ്യുന്നവരെ ബുദ്ധിമുട്ടിക്കാനും ഉപരോധങ്ങളേർപ്പെടുത്താനും ആഗ്രഹിക്കുകയാണോ എന്നാണ് അത്തരം വ്യക്തികളോടു എനിക്ക് ചോദിക്കാനുള്ളത്. കാര്യങ്ങൾ മനസ്സിലാക്കുന്ന ബുദ്ധിമാനായ ഒരു വ്യക്തിക്കും ഒരിക്കലും വിവേകശൂന്യമായ ഇത്തരം അഭിപ്രായങ്ങളെ പിന്താങ്ങാൻ സാധിക്കുകയില്ല.


**• ഹദീഥുന്നബ്‌വി(സ) •**

**"ഹദ്റത്ത് ആഇശؓ തന്റെ മുറിയുടെ ഒരു ഭാഗം ചെമന്ന കമ്പിളികൊണ്ട് മറച്ചിരുന്നു. നബിﷺതിരുമേനി പറഞ്ഞു: നിന്റെ വിരി നമ്മിൽനിന്ന് മാറ്റുക. കാരണം നമസ്കാരത്തിൽ അതിലെ ചിത്രങ്ങൾ നമ്മുടെ മുമ്പിൽ വരുന്നു."**

**(ബുഖാരി. 8:15)**

ത്വാലിബെ ദുആ

**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

**• ഹദീഥുന്നബ്‌വി(സ) •**

**"നമസ്കരിക്കുന്ന ഒരാളെ മറികടക്കുന്നയാൾ, അയാളിലുള്ള ചുമട് എന്താണെന്ന് അറിഞ്ഞിരുന്നെങ്കിൽ അയാളെ മറികടക്കുന്നതിനെക്കാൾ നാൽപതു (ദിവസം) അയാൾ കാത്തിരിക്കുമായിരുന്നു." (ബുഖാരി. 8:101)**

ത്വാലിബെ ദുആ

**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

ജർമൻ ജനതയിലെ ഭൂരിപക്ഷവും അക്ഷമയില ധിഷ്ഠിതമായ ഇത്തരം രീതികൾ പിൻപറ്റുന്നില്ലെന്നത് ശ്ലാഘനീയമാണ്. ഇന്ന് നിങ്ങളെല്ലാവരും ഇവിടെ ഒത്തുകൂടിയതിന്റെ കാരണവും ഇതു തന്നെയാണ്. ഈ ഹാളിൽ ആയിരക്കണക്കിന് സ്ത്രീ-പുരുഷന്മാർ ഖിലാഫത്തുമായി അഗാധബന്ധം പുലർത്തുന്നവരായി നിങ്ങൾതന്നെയും കണ്ടുകൊണ്ടിരിക്കുന്നു. അഖണ്ഡിതവും ആത്മീയപരവുമായ ബന്ധം മുഖേന പൂർണമായും ഇവർ ഐക്യത്തിലാണ്. സ്നേഹാനുകമ്പ എങ്ങനെ വ്യാപിപ്പിക്കാമെന്നും മനുഷ്യ കുലത്തോടുള്ള കടമകളെങ്ങനെ നിറവേറ്റാമെന്നുള്ള കാര്യങ്ങളെ കുറിച്ചാണ് ഇവർ സംസാരിക്കുന്നത്.

ജർമൻ ജനതയിൽനിന്നും പ്രാദേശികമായി അഹ്മദിയ്യത്ത് സ്വീകരിക്കുന്നവർ ഇക്കാര്യങ്ങളെ സത്യപ്പെടുത്തുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഖിലാഫത്ത് അല്ലാഹുവിനോടുള്ള കടമനിർവഹിക്കുന്നതിലേക്കും മനുഷ്യകുലത്തോടുള്ള കടമകൾ നിർവഹിക്കുന്നതിലേക്കും ജനങ്ങളുടെ ശ്രദ്ധക്ഷണിക്കാനുള്ള മാർഗമാണ്.

അഹ്മദിയ്യാ ജമാഅത്തിന് മാർഗദർശനം നല്കുന്ന ഖിലാഫത്തിന് അധികാരമോ ഭരണകൂടമോ കൈക്കലാക്കുന്നതിൽ ഒരു താൽപര്യവുമില്ലെന്ന കാര്യം ഞാൻ വിശദമാക്കട്ടെ. സത്യസന്ധമായ ഖിലാഫത്തിന് രാഷ്ട്രീയപരമോ ഭൗതികപരമോ ആയ നിശ്ചയങ്ങളോ ലക്ഷ്യങ്ങളോ ഇല്ലെന്ന കാര്യം ഉറപ്പിച്ചുകൊള്ളുക. ഇത്തരത്തിലുള്ള മോഹമോ അഭിവാഞ്ചയോ വെച്ചു പുലർത്തുന്നവർക്ക് ഈ ഖിലാഫത്ത് നല്കപ്പെടുകയുമില്ല. ഭൗതികർ സ്വന്തം സ്രഷ്ടാവിനെ തിരിച്ചറിയുക എന്ന കേവല ലക്ഷ്യം മാത്രമേ അഹ്മദിയ്യാ ഖിലാഫത്തിനുള്ളൂ. ഏകനായ ദൈവത്തിന്റെ മുമ്പിൽ കുനിയുക. ലോകജനതക്കിടയിൽ സഹവർത്തിത്വവും സ്നേഹാനുകമ്പയും സ്ഥാപിക്കുക എന്നതാണ് രണ്ടാമത്തെ ലക്ഷ്യം.

അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ലോകത്ത് 204 രാജ്യങ്ങളിൽ വ്യാപിച്ചിട്ടുണ്ട്. പ്രവർത്തനരംഗത്ത് ഇക്കാര്യങ്ങളെ ഇവർ സാക്ഷ്യപ്പെടുത്തുന്നു. ഏകദേശം 30000-ത്തോളമുള്ള നിങ്ങളെല്ലാവരും മുസ്ലിമീങ്ങളുടെ ഈ കൂട്ടത്തിൽ പരിപൂർണ സമാധാനത്തോടെയാണ് ഇരിക്കുന്നത്. ഇത്തരത്തിലുള്ള ഒരു ഖിലാഫത്തിന്റെ അനുയായികളായതാണ് അതിനു കാരണം. കേവലം സ്നേഹത്തോടെ മാത്രം ഹൃദയങ്ങളെ ജയിച്ചടക്കാനാണ് അവർ ആഗ്രഹിക്കുന്നത്. ശക്തി, നിർബന്ധിക്കൽ, തീവ്രവാദം മുഖേന ഒരു ജനതയേയും രാജ്യത്തേയും ജയിച്ചടക്കാൻ അവർ ആഗ്രഹിക്കുന്നില്ല. ഞാനിവിടെ പറഞ്ഞ കാര്യങ്ങളെല്ലാം വെച്ചുകൊണ്ട് നോക്കിയാൽ ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ നിങ്ങൾക്ക് വ്യക്തമായിക്കാണാൻ കഴിയുമെന്നാണ് ഒടുവിലായി എനിക്ക് പറയാനുള്ളത്. അഹ്മദിയ്യാ ജമാഅത്തിന് മാർഗദർശനം നല്കുന്ന ഖിലാഫത്തിന്റെ യഥാർഥസ്ഥിതിയെ കുറിച്ചും നിങ്ങൾക്ക് മനസ്സിലായിക്കാണുമെന്ന് ഞാൻ കരുതുന്നു. ഈ ഖിലാഫത്തിനെ ഭയപ്പെടേണ്ടതില്ലെന്ന് നിങ്ങൾക്ക് ബോധ്യമായിക്കാണുമെന്ന് കരുതുന്നു. ഇതിന്റെ യാഥാർഥ്യത്തെ കുറിച്ച് നിങ്ങളുടെ വൃത്തങ്ങളിൽ വ്യക്തമാക്കുവാനും ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു. ലോകത്ത് നടമാടുന്ന നാനാവിധ അതിക്രമത്തിനും അനീതിക്കുമെതിരിൽ ശബ്ദമുയർത്താനും അതിനെ അപലപിക്കാനും എന്നും ഈ ഖിലാഫത്ത് മുൻനിരയിലുണ്ടാകും. ഏതെങ്കിലും അഹ്മദി മുസ്ലിമിൽ നിന്ന് ഏതെങ്കിലും തരത്തിലുള്ള തെറ്റായ പ്രവൃത്തി ഉണ്ടാവുകയാണെങ്കിൽ നിശ്ചയമായും ഞങ്ങൾ അവർക്കെതിരിൽ യുക്തമായ നടപടി സ്വീകരിക്കുന്നു.

ഈ വാക്കുകളോടുകൂടി നിങ്ങളോടു വിടപറയാനാഗ്രഹിക്കുകയാണ്. നിങ്ങൾക്കെല്ലാവർക്കും ഇവിടെ വന്നതിൽ കൃതജ്ഞത അറിയിക്കുന്നു. എന്റെ ആത്മാർഥതയിലധിഷ്ഠിതമായ ഹൃദയത്തിൽ നിന്നുപുറപ്പെടുന്ന ഈ സന്ദേശം മനസ്സിലാക്കാൻ അല്ലാഹു തുണയ്ക്കുമാറാകട്ടെ. പരസ്പരം വിരൽ ചൂണ്ടുന്നതിനും വികാരങ്ങളെ മുറിവേൽപ്പിക്കുന്നതിനും പകരം നമ്മൾ പ്രത്യക്ഷമായ നിലയിൽ ഒന്നുചേരേണ്ടതാണ്. സ്വജനതയുടെ പുരോഗതിക്കുവേണ്ടിയും ലോകത്ത് സമാധാനം സ്ഥാപിക്കാനും ശ്രമിക്കേണ്ടതാണ്.

അല്ലാഹു നമുക്ക് ഈ ശ്രമങ്ങളിൽ വിജയം പ്രദാനം ചെയ്യുമാറാട്ടെ. ആമീൻ. വളരെ വളരെ നന്ദി.

ഹുദൂറിന്റെ പ്രഭാഷണം 04.55-വരെ നീണ്ടു നിന്നു. പ്രഭാഷണത്തിനൊടുവിൽ അതിഥികൾ നീണ്ട നേരം ഹർഷാരവം മുഴക്കിക്കൊണ്ടിരുന്നു.

തുടർന്ന് ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ഞങ്ങളുടെ പരിപാടിയുടെ ഒടുവിൽ പ്രാർഥിക്കുക എന്നത് ഞങ്ങളുടെ രീതിയാണ്. എല്ലാ അഹ്മദികളും എന്നോടൊപ്പം പ്രാർഥനയിൽ എന്നോടൊപ്പം പങ്കുചേരും. അതിഥികളായ നിങ്ങൾക്കെല്ലാവർക്കും അവരവരുടെ രീതികളനുസരിച്ച് പ്രാർഥിക്കാവുന്നതാണ്.

തുടർന്ന് ഹുദൂർ ദുആക്ക് നേതൃത്വം നല്കി. ശേഷം താമസസ്ഥലത്തേക്ക് മടങ്ങി. (തുടരും)

*(അവലംബം: ബദ്ർ ഉർദു വീക്കിലി, 7-7-2014)*

## വാർത്തകൾ

### കേരളത്തിലെ മുറിയക്കണ്ണി ജമാഅത്തിൽ പുനർനിർമാണം നടത്തിയ മസ്ജിദ് നൂറിന്റെ ഉദ്ഘാടനം

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഞ്ചാമത്തെ ഖിലാഫത്തിന്റെ അനുഗൃഹീത കാലഘട്ടത്തിൽ ഇന്ത്യയിൽ കേരളസംസ്ഥാനത്തിലെ മുറിയക്കണ്ണി(പാലക്കാട് ജില്ല)അഹ്മദിയ്യ മുസ്ലിം ജമാഅത്തിന് **'മസ്ജിദ് നൂർ'** പുനർനിർമിക്കാനുള്ള സൗഭാഗ്യം ലഭിച്ചിരിക്കുന്നു. ഈ മസ്ജിദിന് 2014 നവംബർ 15-ന് ബഹുമാനപ്പെട്ട അഡീഷണൽ നാളിർ സാഹിബ് ഇസ്വ്ലാഹ് വ ഇർശാദ് ജുനൂബി ഹിന്ദ് ഖാദിയാനാണ് അടിത്തറയിട്ടത്. ഈ മസ്ജിദിന്റെ ഉദ്ഘാടന പരിപാടി 2024 ജൂൺ 24-ന് നടന്നു. ഇതിൽ സയ്യിദുനാ ഹുദൂർ അൻവർ അയ്യദഹുല്ലാഹു തആലാ ബിനസ്വ്രിഹിൽ അസീസിന്റെ അനുമതിയോടെ കേന്ദ്രപ്രതിനിധി എന്ന നിലയിൽ അഡീഷണൽ നാളിർ സാഹിബ് അഅ്ലാ ജുനൂബി ഹിന്ദ് പങ്കെടുത്തു.

അദ്ദേഹം മസ്ജിദിനെ പരിചയപ്പെടുത്തിക്കൊണ്ടുള്ള ശിലാഫലകം അനാച്ഛാദനം ചെയ്ത് കൂട്ടപ്രാർഥനയ്ക്ക് നേതൃത്വം നല്കി. തുടർന്ന് അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ മസ്ജിദിന്റെ ഉദ്ഘാടന പരിപാടി ആരംഭിച്ചു. ഈ പരിപാടിയിൽ കേരളത്തിലെ എല്ലാ ജില്ല അമീർമാരും, തദ്ദേശഅമീർമാരും സ്വദ്ർമാരും ധാരാളം അഹ്മദികളും പങ്കെടുത്തു. തദ്ദേശ എം.എൽ.ഏയും പഞ്ചായത്ത് പ്രസിഡന്റും പാർലമെന്റംഗവും അതിഥികളായിരുന്ന ഈ പരിപാടിയിൽ 150 അന്യമതസ്ഥരും 200 അനഹ്മദികളുമടക്കം 1300 പേരാണ് പങ്കെടുത്തത്.

ഖുർആൻ പാരായണത്തോടെ ഉദ്ഘാടന പരിപാടി ആരംഭിച്ചു. അഡീഷണൽ നാളിർ സാഹിബ് അഅ്ലാ ജുനൂബി ഹിന്ദ് മസ്ജിദ് നിർമാണത്തിന്റെ ഉദ്ദേശ്യങ്ങളും ആവശ്യകതയും ജമാഅത്തംഗങ്ങളുടെ ചുമതലകളേയും സംബന്ധിച്ച് സയ്യിദുനാ ഹുദൂർ അൻവർ അയ്യദഹുല്ലായുടെ മാർഗനിർദേശങ്ങളുടെ വെളിച്ചത്തിൽ പ്രസംഗിച്ചു. പിന്നീട് അഡീഷണൽ നാളിർ സാഹിബ് ഇസ്വ്ലാഹ് വ ഇർശാദ് നൂറുൽ ഇസ്ലാം സദസ്സിനെ അഭിസംബോധന ചെയ്യുകയും മസ്ജിദ് നിർമാണത്തിനുശേഷം അയൽവാസികളോടുള്ള അഹ്മദികളുടെ ഉത്തരവാദിത്വത്തെ സംബന്ധിച്ച് ഇംഗ്ലീഷിൽ പ്രസംഗിക്കുകയും ചെയ്തു.

അതുകഴിഞ്ഞ് രാഷ്ട്രീയരംഗത്തും സർക്കാർ തലത്തിലും പ്രവർത്തിക്കുന്ന ആദരണീയ വ്യക്തികൾ ആശംസകളർപ്പിച്ച് സംസാരിച്ചു. കേരളത്തിലെ എല്ലാ ജില്ല അമീറുമാരും തങ്ങളുടെ പ്രതികരണങ്ങൾ പ്രകടിപ്പിച്ചു. പുനർനിർമിച്ച ഈ മസ്ജിദിന്റെ ഉദ്ഘാടനവാർത്തകൾ തദ്ദേശപത്രങ്ങൾ പ്രസിദ്ധീരിച്ചു. ന്യൂസ്ചാനലുകളും സംപ്രേഷണം ചെയ്തു. ജമാഅത്തംഗങ്ങൾക്ക് ഈ മസ്ജിദിനെ എപ്പോഴും ജനനിബിഡമാക്കി വെക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഈ മസ്ജിദിനുവേണ്ടി ധനത്യാഗം ചെയ്ത എല്ലാ അംഗങ്ങളുടേയും സമ്പത്തിലും ആയുസ്സിലും ബർക്കത്ത് പ്രദാനം ചെയ്യുമാറാകട്ടെ. *(റിപ്പോർട്ട്: പ്രസ്സ് & മീഡിയ വകുപ്പ് ഖാദിയാൻ)(അൽഫള്ൽ ദിനപത്രം ഇന്റർനാഷണൽ 2024 ആഗസ്റ്റ് 16 വെള്ളിയാഴ്ച)*


• ഹദീഥുന്നബ്വി(സ) •

"നിങ്ങളിലൊരാൾ നമസ്കരിക്കുമ്പോൾ അയാൾ തന്റെ രക്ഷിതാവുമായി രഹസ്യമായ സമ്പർക്കത്തിലേർപ്പെട്ടരിക്കുകയാണ്."

(ബുഖാരി. 9:8)

ത്വാലിബെ ദുആ

Late DILSAD ABDULLATHEEF AND FAMILY KALLIKOTE

PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്വി(സ) •

"തന്റെ നാഥനോടു ദാസൻ ഏറ്റവും അടുത്തിരിക്കുന്നത്, അവൻ സുജൂദിലായിരിക്കുമ്പോഴാണ്. അതുകൊണ്ട് ഏറ്റവും കൂടുതൽ അർഥനകൾ(സുജൂദിൽ)ചെയ്യുക."(മിശ്കാത്ത 4:14)




ത്വാലിബെ ദുആ

DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD

VAYANASHALA, PATHAPPIRIYAM, KERALA

ലേഖനം

# നബി ﷺ തിരുമേനി; അല്ലാഹുവിൽ പരിപൂർണമായും ലയിച്ച പ്രവാചകൻ

(മൻസ്വൂർ അഹ്മദ് മസ്റൂർ, എഡിറ്റർ ബദ്ർ ഉർദു)

മുസ്‌ലിമാകുന്നതിന് ഏറ്റവുമാദ്യം ഏറ്റു പറയേണ്ടത് **'ലാ ഇലാഹ ഇല്ലല്ലാഹ്'** എന്ന വചനമാണ്. അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനുമില്ല. ആരാധനയ്ക്കർഹൻ അവൻ മാത്രമാണ്. അവന്റെ മുമ്പിൽമാത്രമാണ് മനുഷ്യൻ സുജൂദ് ചെയ്യേണ്ടത്. ആവശ്യങ്ങൾ ചോദിക്കേണ്ടത് അവനോടാണ്. കാരണം അല്ലാഹു തന്നെയാണ് നമ്മുടെ സ്രഷ്ടാവും ഉടമസ്ഥനും. അല്ലാഹുതന്നെയാണ് നമ്മുടെ റബ്ബ് അഥവാ പരിപാലകൻ. അവൻ റഹ്മാനാണ്. അതായത് അതിരറ്റ് കരുണ ചെയ്യുന്നവനും ചോദിക്കാതെ നല്കുന്നവനും. അവൻ റഹീമാണ്. അതായത് ചോദിക്കുമ്പോൾ നല്കുന്നവനും അവൻ തന്നെ. ആവർത്തിച്ച് കരുണചെയ്യുന്നവൻ. അല്ലാഹുവിന് തന്റെ ഏകത്വം എത്രമാത്രം പ്രിയപ്പെട്ടതും ഇഷ്ടപ്പെട്ടതുമാണെന്നാൽ അന്യാരാധന അവൻ വമ്പിച്ച അക്രമമായി നിശ്ചയിച്ചിരിക്കുന്നു. പ്രതാപവാനായ അല്ലാഹു സകല പാപങ്ങളും പൊറുത്തുതരാൻ കഴിവുള്ളവനാണ്. പക്ഷേ, ശിർക്ക് അഥവാ ബഹുദൈവാരാധന പൊറുക്കപ്പെടുകയില്ലെന്ന് അവൻ പറയുന്നു: ***ഇന്നല്ലാഹ ലാ യഗ്ഫിറു അൻയ്യുശ്‌റക്ക് ബിഹീ വ യഗ്ഫിറു മാദൂന ദാലിക്ക ലിമൻയ്യശാഉ***(4:117). തീർച്ചയായും തന്നോടു കൂട്ടുകാരെ നിശ്ചയിക്കുന്നത് അല്ലാഹു പൊറുക്കുകയില്ല. അതൊഴിച്ചുള്ള മറ്റു പാപങ്ങൾ താനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നതാണ്.

തനിക്ക് ആരെയെങ്കിലും പങ്കുകാരാക്കി വെക്കുന്ന പാപം അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതിനുതാഴെയുള്ള പാപങ്ങളെ അവനുദ്ദേശിക്കുന്നവർക്ക് പൊറുത്തു കൊടുക്കുന്നതാണ്. മാപ്പാക്കുന്നതാണ്. അല്ലാഹുവിന് പങ്കുകാരെ വെക്കുന്നവൻ (മനസ്സിലാക്കിക്കൊള്ളട്ടെ), അവൻ നേരായ വഴിയിൽനിന്ന് വളരെ ദുരത്തായി കിടക്കുന്നുവെന്ന്.

ഒരിടത്ത് അല്ലാഹു ശിർക്കിനെ അപലപിച്ചുകൊണ്ട് വളരെയധികം ഗാംഭീര്യവും ഭീഷണവുമായ വാക്കുകളിൽ പറഞ്ഞിരിക്കുന്നു: ***വ ഖാലുത്തഖദർറഹ്മാനു വലദാ. ലഖദ് ജിഅ്ത്തും ശയ്അൻ ഇദ്ദാ. തകാദുസ്സമാവാത്തു യത്തഫത്ത്വർന മിൻഹു വതൻശഖ്ഖുൽഅർളു വ തഖിർറുൽജിബാലു ഹദ്ദാ. അൻ ദഅവ് ലിർറഹ്മാനി വലദാ.***(മർയം 89–92)

'പരമ കാരുണികനായ അല്ലാഹു ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നു' എന്ന് അവർ പറയുന്നു. തീർച്ചയായും നിങ്ങൾ ഒരു ഭയങ്കരനിഷിദ്ധകൃത്യം ചെയ്തിരിക്കുന്നു. അതിനാൽ ആകാശങ്ങൾ പൊട്ടിക്കീറുകയും ഭൂമി പിളർന്നുപോകുകയും പർവതങ്ങൾ തകർന്നു വീഴുകയും ചെയ്തേക്കാം; പരമകാരുണികന് ഒരു പുത്രനുണ്ടെന്ന് അവർ വാദിച്ചതു കാരണത്താൽ.

ഇതുമാത്രമല്ല. ആരാണോ അന്യാരാധനയുടെ അവസ്ഥയിൽ മരിക്കുന്നത് അവന്റെ മഗ്ഫിറത്തിനുള്ള ദുആയും അല്ലാഹുവിന്റെ ദർബാറിൽനിന്ന് തിരസ്കരിക്കപ്പെടുന്നതായിരിക്കും. അതിലുള്ള യുക്തി ഏതൊരു അല്ലാഹുവിനാണോ അവൻ ജീവിതംമുഴുവൻ പങ്കുകാരെ വെച്ചുകൊണ്ടിരുന്നത് അതേ ദൈവത്തിൽനിന്ന് തന്റെ മഗ്ഫിറത്തിനുള്ള ദുആ അവസാനം ഏതു വായകൊണ്ടാണ് ചോദിക്കേണ്ടത്.

താഴെ ചേർക്കുന്ന വരികളിൽ സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാﷺയുടെ തന്റെ യജമാനരായ അല്ലാഹുവിനോടുള്ള അതുല്യമായ സ്നേഹവും തൗഹീദിന്റെ പ്രബോധനത്തിനും പ്രചാരണത്തിനുമുള്ള അസാമാന്യമായ ത്യാഗവും, തീവ്രമായ അനുരാഗത്തിന്റേയും അത്യധ്വാനത്തിന്റേയും ഒരു ചെറിയ സ്ഫുരണം സമർപിക്കാൻ ശ്രമിക്കുകയാണ്.

അറേബ്യയുടെ അന്തരീക്ഷം ബിംബാരാധനകൊണ്ടു നിറഞ്ഞിരുന്നു. തൗഹീദിന്റെ ധ്വജവാഹകയും അല്ലാഹുവിന്റെ ആദ്യത്തെ ഭവനവുമായ കഅ്ബാദേവാലയത്തിൽ 360 ബിംബങ്ങൾ പ്രതിഷ്ഠിച്ചിരുന്നു. അത്തരം അന്തരീക്ഷത്തിൽ ബഹുദൈവാരാധനയിൽ നിന്ന് രക്ഷപ്പെടുക എന്നത് അസാധ്യമായൊരു കാര്യമായിരുന്നു. പക്ഷേ, അല്ലാഹു എപ്പോഴും അന്യാരാധനയുടെ മാലിന്യത്തിൽനിന്ന് നബിﷺതിരുമേനിയെ സുരക്ഷിതനാക്കിവെച്ചു. മനുഷ്യകുലത്തിന്റെ പ്രകൃതിയിൽ അല്ലാഹു തന്റെ ഏകദൈവത്വത്തിനോടുള്ള ആകർഷണം നിക്ഷേപിച്ചിരിക്കുന്നു. ഈ ആകർഷണം നമ്മുടെ നബിﷺ തിരുമേനിയുടെ പ്രകൃതിയിൽ എത്രമാത്രമാണുണ്ടായിരുന്നതെന്നാൽ അത് നബിﷺതിരുമേനിയെ ദൈവാന്വേഷണത്തിനായി ഹിറാ മലയുടെ ഒരു ഗുഹയിൽ ഇടയ്ക്കിടെ കൊണ്ടുപോയിരുന്നു. അവിടെ അദ്ദേഹം ദിവസങ്ങളോളം നിരന്തരം ആരാധനയിൽ മുഴുകി. വീട്ടിൽ പോകുമായിരുന്നില്ല. അതിലേക്ക് സൂചനനല്കിക്കൊണ്ട് അല്ലാഹു പറയുന്നു: ***വവജദക്കളാല്ലൻ ഫഹദാ*** അല്ലാഹു നിന്നെ തന്റെ അന്വേഷണത്തിൽ സ്വന്തം അസ്തിത്വത്തിൽനിന്ന്, ലോകത്തിൽനിന്നും അതിലുള്ളതിൽനിന്നും അജ്ഞനും സർവവും നഷ്ടപ്പെടുത്തിയവനുമായി കണ്ടു. അങ്ങനെ അവൻ നിനക്ക് തന്റെ വഴി കാണിച്ചു. നുബുവ്വത്ത് സ്ഥാനത്ത് അവരോധിതനായതിനുശേഷം തൗഹീദിന്റെ പ്രബോധനത്തിലും പ്രചാരണത്തിലും നബിﷺതിരുമേനി വഹിച്ച ബുദ്ധിമുട്ടുകളുടേയും സഹിച്ച അക്രമങ്ങളുടേയും വൃത്താന്തം ദീർഘമാണ്. മക്കക്കാർ ആ മഹാത്മാവിനെ മണ്ണുവാരി എറിഞ്ഞു. അവിടന്ന് നടക്കുന്നവഴികളിൽ മുള്ളുകൾ വിതറി. അവിടന്ന് നമസ്കാരത്തിൽ സുജൂദിലായിരിക്കുമ്പോൾ ഒട്ടകത്തിന്റെ കുടൽമാല കൊണ്ടുവന്നു മുതുകിലിട്ടു. ചീത്തവിളി സാധാരണകാര്യമായിരുന്നു. നബിﷺതിരുമേനിയെ അദ്ദേഹത്തിന്റെ ദൗത്യത്തിൽ പരാജയപ്പെടുത്താൻ സകല അക്രമങ്ങളും അവർ ചെയ്തു. എല്ലാ ചങ്ങലകളും പ്രയോഗിച്ചു. അവസാനം കൊന്നുകളയാമെന്ന് ദൃഢമായ തീരുമാനവും അവരെടുത്തു. ത്വാഇഫിൽ പോയപ്പോൾ അവിടുത്തെ തെമ്മാടിയുവാക്കൾ ആ മഹാത്മാവിനെ കല്ലെറിഞ്ഞു പരിക്കേല്പിച്ചു. അവിടന്ന് ത്വാഇഫിന്റെ പ്രധാനമന്ത്രിയായ അബ്ദെയാലീലിനെ തബ്‌ലീഗ് ചെയ്തു. അപ്പോൾ അയാൾ പരിഹസിച്ചുവെന്നുമാത്രമല്ല, തെമ്മാടിയുവാക്കളെ അദ്ദേഹത്തിന്റെ പിന്നാലെ വിട്ടു. നബിﷺതിരുമേനി നഗരത്തിൽനിന്ന് പുറപ്പെട്ടപ്പോൾ അവർ ആരവം മുഴക്കുകയും അസഭ്യങ്ങൾ പുലമ്പുകയും ചെയ്തുകൊണ്ട് പിന്നാലെ പോയി. കല്ലെറിഞ്ഞു. അതുമുഖേന അവിടത്തെ ശരീരം രക്തത്തിൽ കുളിച്ചു. തുടർച്ചയായി മൂന്നുമൈൽവരെ ഇക്കൂട്ടർ ചീത്തവിളിച്ചും കല്ലെറിഞ്ഞും പിന്നാലെ പോയിരുന്നു. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്رضي الله عنه പേജ് 204)*

അവിടത്തെ ഈ യാത്രയെ സംബന്ധിച്ച് അവിടന്ന് ഈ യാത്രയിൽ അതുല്യമായ ത്യാഗത്തിന്റേയുംസ്ഥൈര്യത്തിന്റേയുംമാതൃകകാണിച്ചുവെന്ന് ശത്രുക്കൾക്കും അംഗീകരിക്കേണ്ടിവന്നു. സർ വില്യം മുയിർ തന്റെ നബി ചരിത്രത്തിൽ ഇപ്രകാരം പറയുന്നു:

There is something lofty and heroic in this journey of Muhammad to Al-Taif: a solitary man, despised and rejected by his own people, going boldly forth in the name of God, like Jonah to Nineveh, and summoning an idolatrous city to repent and support his mission. It sheds a strong light on the intensity of his belief in the divine origin of his calling (Life of Muhammad, Sir William Muir, 1923 Edition p.112-113)

"ത്വാഇഫിലേക്കുള്ള മുഹമ്മദുനബിയുടെ ഈ യാത്ര ഉദാത്തവും വീരോചിതവും തന്നെ. സ്വന്തം നാട്ടുകാരാൽ കൈയൊഴിക്കപ്പെടുകയും പുറന്തള്ളപ്പെടുകയും ചെയ്ത ഒരു വ്യക്തി, ദൈവത്തിൽ മാത്രം ആശ്രയം അർപ്പിച്ചുകൊണ്ട് ഒറ്റക്കു നിർഭയം നടന്നു നീങ്ങുന്നു. ബിംബാരാധകരുടെ ഒരു നഗരത്തിലേക്ക്; മാനസാന്തരപ്പെടുകയും തന്റെ ദൗത്യത്തിൽ വിശ്വസിക്കുകയും ചെയ്യാനാഹ്വാനം ചെയ്തുകൊണ്ട്; യോനാ പ്രവാചകൻ നിനേവായിലേക്കെന്ന പോലെ! തന്റെ ദൗത്യം ദൈവത്തിൽ നിന്നുള്ളതാണെന്നതിൽ അദ്ദേഹത്തിനു ഉണ്ടായിരുന്ന ഉറച്ച വിശ്വാസത്തിന്റെ ആഴത്തിലേക്ക് ഇതു നിശ്ചയമായും വെളിച്ചം വീശുന്നുണ്ട്." *(തിരുനബി ചരിത്രം പേജ് 46)*

തൗഹീദിനുവേണ്ടിയുള്ള ജീവാർപണത്തിൽ പ്രകാശം വിതറുന്ന മറ്റൊരു സംഭവമുണ്ട്. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلام പറയുന്നു: 'തീർച്ചയായും ബഹുദൈവവിശ്വാസികൾ അശുദ്ധരാണ്, മലിനരാണ്, ശർറുൽബരിയ്യായാണ്, വിഡ്ഢികളാണ്, സാത്താന്റെ സന്തതികളാണ്, അവരുടെ ആരാധ്യർ നരകത്തിലെ ഇന്ധനമാണ് എന്നീ ആയത്തുകൾ ഇറങ്ങിയപ്പോൾ അബൂത്വാലിബ് നബിﷺതിരുമേനിയെ വിളിച്ചിട്ടു പറഞ്ഞു: 'എന്റെ സഹോദരപുത്രാ! നിന്റെ ഈ പ്രവൃത്തികൊണ്ട് ജനങ്ങൾ പ്രകോപിതരായിരിക്കുകയാണ്. അവർ അടുത്തുതന്നെ നിന്നെ വധിച്ചേക്കാം; നിന്നോ

ടൊപ്പം എന്നേയും. നീ അവരിലെ ബുദ്ധിമാന്മാരെ വിഡ്ഢികളെന്ന് പറഞ്ഞിരിക്കുന്നു. അവർ ആദരിക്കുന്ന ആരാധ്യവസ്തുക്കൾക്ക് നരകത്തിലെ വിറകെന്നും നരകത്തിലെ ഇന്ധനമെന്നും പേരിട്ടിരിക്കുന്നു. മൊത്തത്തിൽ അവയെല്ലാം അശുദ്ധമെന്നും സാത്താന്റെ സന്തതിയെന്നും മാലിന്യമെന്നും പറഞ്ഞിരിക്കുന്നു. ഞാൻ നിന്റെ നന്മ ആഗ്രഹിച്ചുകൊണ്ടു പറയുകയാണ്, നീ നിന്റെ നാവ് നിയന്ത്രിക്കുക. ചീത്തപറയുന്നതിൽനിന്ന് പിന്മാറുക. ഇല്ലെങ്കിൽ ജനതയെ നേരിടാൻ എനിക്കു ശക്തിയില്ല.' നബിﷺ തിരുമേനി അതിനുള്ള മറുപടിയിൽ പറഞ്ഞു: 'അല്ലയോ പിതൃവ്യാ!ഇത് ചീത്ത പറയലല്ല. മറിച്ച് സംഭവത്തിന്റെ പ്രകടനമാണ്. വിഷയത്തിന്റെ യഥാർഥ അവസ്ഥയിലുള്ള വിവരണമാണ്. ഈ ജോലി ചെയ്യാനാണ് ഞാൻ അയക്കപ്പെട്ടിട്ടുള്ളത്. ഇതിൽ ഞാൻ മരിക്കേണ്ടിവന്നാൽ ഞാൻ സന്തോഷത്തോടെ എനിക്കുവേണ്ടി മരണം സ്വീകരിക്കുന്നു. എന്റെ ജീവിതം ഇതേ വഴിയിൽ അർപിതമാണ്. മരണത്തെ ഭയന്ന് സത്യം പറയാതിരിക്കാൻ എനിക്കു പറ്റില്ല. അല്ലയോ പിതൃവ്യാ!താങ്കൾക്ക് താങ്കളുടെ ദൗർബല്യത്തിന്റേയും ബുദ്ധിമുട്ടിന്റേയും ചിന്തയാണെങ്കിൽ എന്നിൽനിന്ന് വേർപെട്ട് പൊയ്ക്കൊള്ളുക!അല്ലാഹുവാണെ സത്യം! എനിക്ക് താങ്കളുടെ ഒരു ആവശ്യവുമില്ല. ദൈവകല്പന എത്തിക്കുന്നതിൽനിന്ന് ഞാനൊരിക്കലും പിന്മാറുകയില്ല. എനിക്കെന്റെ യജമാനന്റെ കല്പന എന്റെ ജീവിതത്തെക്കാൾ പ്രിയപ്പെട്ടതാണ്. ഞാൻ ഈ വഴിയിൽ വധിക്കപ്പെടുകയാണെങ്കിൽ ഞാനാഗ്രഹിക്കുന്നത് വീണ്ടും വീണ്ടും ജീവിക്കുകയും എപ്പോഴും ഈ വഴിയിൽ വധിക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യണമെന്നാണ്. ഇത് ഭയപ്പെടേണ്ട ഇടമല്ല. പ്രത്യുത അവന്റെ വഴിയിൽ ദുഃഖം സഹിക്കുക എന്നതിൽ എനിക്ക് അതിരറ്റ ആനന്ദമാണുള്ളത്. നബിﷺതിരുമേനി ഈ പ്രസംഗം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. സത്യസന്ധതയും പ്രകാശവുംകൊണ്ട് മുഖകമലത്തിൽ ഒരു തേങ്ങൽ പ്രകടമായിക്കൊണ്ടിരുന്നു. അവിടന്ന് ആ പ്രസംഗം അവസാനിപ്പിച്ചു കഴിഞ്ഞപ്പോൾ സത്യത്തിന്റെ വെളിച്ചംകണ്ട് അനിയന്ത്രിതമായി അബുത്വാലിബിന്റെ കണ്ണീരൊഴുകി. അദ്ദേഹം പറഞ്ഞു: 'ഞാൻ നിന്റെ ഈ മഹനീയാവസ്ഥ അറിഞ്ഞിരുന്നില്ല. നീ മറ്റൊരു വർണത്തിലും പ്രൗഢിയിലുമാണുള്ളത്. പോകുക! നിന്റെ ജോലിയിൽ മുഴുകുക. ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം, എനിക്ക് ശക്തിയുള്ളിടത്തോളം ഞാൻ നിന്നോടൊപ്പം നില്ക്കുന്നതായിരിക്കും.' *(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ, വാല്യം 3, പേജ് 110)*

ഹദ്റത്ത് മസീഹ് മൗഊദ്ؑ പറയുന്നു: 'അബൂത്വാലിബ് പറഞ്ഞ ഈ എല്ലാ കാര്യങ്ങളും ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഈ എല്ലാ വാക്യങ്ങളും ഇൽഹാമിയാണ്. അത് അല്ലാഹു ഈ വിനീതന്റെ മനസ്സിൽ ഇറക്കിയതാണ്. അതിൽ ചിലതിനെ വിശദീകരിച്ചുള്ള വചനം ഈ വിനീതൻ എഴുതിയിട്ടുള്ളതാണ്.

നബിﷺതിരുമേനി തന്റെ ജനതയ്ക്ക് ഏകദൈവത്വത്തിന്റെ(തൗഹീദ്) പാഠം നല്കി. ജനനം മുതൽ മരണംവരെ ജീവിതത്തിന്റെ ഒരു നിമിഷവും ഒരു മുക്കും മൂലയും അല്ലാഹുവിനെ സ്മരിക്കുന്നതിൽനിന്നും അല്ലാഹുവിനെക്കുറിച്ച് ചിന്തിക്കുന്നതിൽനിന്നും ശൂന്യമാക്കി വെച്ചില്ല. നബിﷺതിരുമേനിയുടെ ഈ വാക്യം അല്ലാഹുവിനോടുള്ള സ്നേഹത്താൽ എത്രമാത്രം നിർഭരമാണ്. അതു കണക്കുകൂട്ടുക ദുഷ്കരമാണ്. അവിടന്ന് പറഞ്ഞു: 'എന്റെ നമസ്കാരമാണ് എന്റെ കണ്ണിന്റെ കുളിർമ.' രാത്രി മുഴുവൻ തന്റെ റബ്ബിന്റെ സ്മരണയിലും സ്നേഹത്തിന്റേയും അനുരക്തിയുടേയും സ്വകാര്യം പറയുന്നതിലും കഴിച്ചുകൂട്ടി. അവിടത്തെ ഈ നിർദേശം വളരെ അത്ഭുതാവഹമാണ്. ഒരു അവസരത്തിൽ അവിടന്ന് പറഞ്ഞു: 'ആഇശാ!എന്റെ കണ്ണുകൾ ഉറങ്ങിപ്പോകാറുണ്ട്. എന്നാൽ, എന്റെ മനസ്സ് ഉറങ്ങാറില്ല.' തന്റെ ജീവൻ ജീവനുടയവനെ ഏല്പിച്ചുകൊണ്ട് അവിടത്തെ അന്തിമ ഉപദേശം ഇതായിരുന്നു: 'ഏകദൈവത്തെ മാത്രം ആരാധിക്കുക. യഹൂദികളെപ്പോലെ ശിർക്കിൽ അകപ്പെടരുത്. എന്റെ ഖബ്റിനെ സുജൂദിന്റെ ഇടമാക്കരുത്.'

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീؓ പറയുന്നു: 'അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ അവസ്ഥ ഇതായിരുന്നു, ഒരു ഇടവേളയ്ക്കുശേഷം മഴപെയ്യുമ്പോൾ തന്റെ നാവിൽ വെള്ളത്തുള്ളികളെടുക്കുകയും എന്റെ റബ്ബിന്റെ പുതിയ നിഅ്മത്താണിതെന്ന് പറയുകയും ചെയ്യുമായിരുന്നു.'

മജ്‌ലിസിൽ ഇരിക്കുമ്പോൾ ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കും. അവിടത്തെ ഉമ്മത്തും അവിടന്നുമായി ബന്ധം വെക്കുന്ന ആളുകളും അല്ലാഹുവിന്റെ കോപത്തിൽ നിന്ന് രക്ഷപ്പെടുന്നതിനും അവന്റെ പൊറുക്കലിന് അർഹരായിത്തീരുന്നതിനും മിക്കപ്പോഴും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുമായിരുന്നു. എപ്പോഴും അല്ലാഹുവിന്റെ മുമ്പിൽ ഹാജരാകുന്നതിന്റെ സ്മരണ ആർദ്രമാക്കിവെക്കുമായിരുന്നു.

ദൈവത്തിന്റെ സാമീപ്യത്തിന് അവിടന്ന് നിരന്തരം പ്രാർഥിച്ചു കൊണ്ടിരുന്നു. അവിടത്തെ സന്തത പ്രാർഥനകളിൽ ഒന്നിതാണ്: ***അല്ലാഹുമ്മജ്അൽ ഫീ ഖൽബീ നൂറൻ, വ്വഫീ ബസ്‌രീ നൂറൻ, വ്വ ഫീ സംയീ നൂറൻ, വ്വ അൻ യമീനീ നൂറൻ, വ്വ അൻ യസാരീ നൂറൻ, വ്വ ഫൗഖീ നൂറൻ, വ്വ തഹ്ത്തീ നൂറൻ, വ്വ അമാമീ നൂറൻ, വ്വ ഖൽഫീ നൂറൻ, വ്വജ്അൽലീ നൂറാ*** (തുടരും)

WWW.MTA.TV
Reaching The Corners Of The Earth

പേജ് 1 ൽ നിന്ന്

ക്കുന്നവനായിരുന്നു എനിക്കു നിങ്ങൾ ഭക്ഷണം തന്നു, ഞാൻ ദാഹിക്കുന്നവനായിരുന്നു നിങ്ങളെന്നെ വെള്ളം കുടിപ്പിച്ചു, ഞാൻ നഗ്നനായിരുന്നു നിങ്ങളെന്നെ വസ്ത്രം ഉടുപ്പിച്ചു, ഞാൻ രോഗിയായിരുന്നു നിങ്ങളെനിക്ക് രോഗശുശ്രൂഷ നല്കി അതുകൊണ്ട് പോകുക, എന്റെ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക. ആ ദാസർ പറയും: തൗബ തൗബ നിന്നെ ഭക്ഷിപ്പിക്കാനും കുടിപ്പിക്കാനും, വസ്ത്രം അണിയിക്കാനും രോഗശുശ്രൂഷ നല്കാനും ഞങ്ങൾക്കെന്ത് കഴിവാണുണ്ടായിരുന്നത്. നീ ഇക്കാര്യങ്ങളിൽനിന്നെല്ലാം പരിശുദ്ധനാണ്. അവൻ പറയുന്നതായിരിക്കും:ഇതു ശരിതന്നെയാണ്. പക്ഷേ, എന്റെ ഏറ്റവും നിസാരനായ ഒരു ദാസൻ നിന്റെയടുത്തുവന്നു. അവൻ വിശക്കുന്നവനായിരുന്നു, നീ അവനെ ഭക്ഷിപ്പിച്ചു. ഇപ്രകാരംതന്നെ എന്റെ ഏറ്റവും നിസാരനായ ഒരു ദാസൻ നിന്റെയടുത്തുവന്നു. അവൻ ദാഹിക്കുന്നവനായിരുന്നു, നീ അവന് വെള്ളം കൊടുത്തു. അതിന്റെ അർഥം നീ അത് എന്നെ കുടിപ്പിച്ചുവെന്നാണ്. ഇപ്രകാരം നീ ഒരു നഗ്നനായ മനുഷ്യനെ ഉടുപ്പണിയിക്കുകയും രോഗിക്ക് ശുശ്രൂഷനല്കുകയും ചെയ്തപ്പോൾ അതെല്ലാം എന്നെ ഉടുപ്പണിയിക്കുകയും എനിക്ക് ശുശ്രൂഷനല്കുകയും ചെയ്തതുപോലെയാണ്. അതുകൊണ്ട് പോകുക, എന്റെ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക. ചുരുക്കത്തിൽ ***മിമ്മാ റസഖ്നാഹും യുൻഫിഖൂൻ*** എന്നതിൽ പറയപ്പെട്ടിട്ടുള്ളത് ഒരു സത്യവിശ്വാസിക്ക് അല്ലാഹുവിൽനിന്ന് എത്രത്തോളം ശക്തികളും കഴിവുകളുമാണോ ലഭിച്ചിട്ടുള്ളത്, തന്റെ സകല ശക്തിയേയും മനുഷ്യകുലത്തിന്റെ ക്ഷേമത്തിനുവേണ്ടി ചെലവഴിക്കുക എന്നതാണ്. അല്ലാതെ അവൻ പണം തന്നിരുന്നു, അല്ലെങ്കിൽ നമസ്കരിച്ചിരുന്നു, അല്ലെങ്കിൽ നോമ്പു പിടിച്ചിരുന്നുവെന്നതിൽമാത്രം സന്തോഷിക്കരുത്. നോക്കുക നബിﷺതിരുമേനി ഒരിക്കൽ ധനത്യാഗത്തിന് ആഹ്വാനം ചെയ്തു. ഒരു സ്വഹാബി- അയാളുടെ കൈയിൽ രണ്ടുപിടി യവമല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ല- അതുകൊണ്ടുവന്ന് നബിﷺതിരുമേനിയുടെ സന്നിധിയിൽ സമർപ്പിച്ചു. കപടവിശ്വാസികൾ ഇതുകണ്ടപ്പോൾ ചിരിക്കാനും ഇപ്പോൾ ലോകം ഈ രണ്ടുപിടി യവംകൊണ്ട് ഫത്ഹാക്കും എന്നു പറയാനും തുടങ്ങി. വാസ്തവത്തിൽ അവരുടെ കണ്ണുകൾ തുറന്നിരുന്നെങ്കിൽ, അത് രണ്ടുപിടി യവമല്ല പ്രത്യുത ഇസ്‌ലാമിനോടുള്ള സ്നേഹത്തിൽ അസ്വസ്ഥമാകുന്ന ഒരു ഹൃദയത്തിന്റെ ചോരയുടെ രണ്ടുതുള്ളിയാണ് മുഹമ്മദു റസൂലുല്ലായുടെﷺതിരു

ഹദീഥുന്നബവി(ﷺ)

"നമസ്കാരത്തിൽ ഒരാൾ ഉറക്കം തൂങ്ങുന്നപക്ഷം, താൻ ഓതുന്നത് എന്താണെന്ന് അറിയുന്നതുവരെ അയാൾ ഉറങ്ങട്ടെ."(ബുഖാരി. 4:53)

ത്വാലിബെ ദുആ
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീഥുന്നബവി(ﷺ)

"നിങ്ങളിൽ ഒരാൾ ജനങ്ങൾക്കുവേണ്ടി പ്രാർഥന നയിക്കുമ്പോൾ അയാൾ അത് ലഘുവാക്കണം. എന്തുകൊണ്ടെന്നാൽ അവരിൽ ക്ഷീണിച്ചവനും രോഗിയും വൃദ്ധനും ഉണ്ടായിരിക്കും."(ബുഖാരി. 8:62)


tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141, M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

സന്നിധിയിൽ സമർപിച്ചതെന്ന് മനസ്സിലാക്കുമായിരുന്നു. ദുൻയാവ് ഹൃദയരക്തത്തിന്റെ തുള്ളികൾകൊണ്ടാണ് ഫതഹ് ആകാറുള്ളത്; ഭൗതികമായ സാധനസാമഗ്രികൾ കൊണ്ടല്ല. അതിനാൽ സമ്പൂർണമായ ഈമാനിന്റെ അടയാളം എന്നു പറയുന്നത്, എന്തൊന്നാണോ നിങ്ങൾ വീടുകളിൽ തിന്നുന്നത്, എന്തോന്നാണോ നിങ്ങൾ കരസ്ഥമാക്കുന്നത്, എന്തൊന്നാണോ നിങ്ങൾ ഭക്ഷിക്കുന്നത്, എന്തൊന്നാണോ നിങ്ങൾ ചെലവഴിക്കുന്നത് അതിന്റെ ഒരു പങ്ക് അല്ലാഹുവിന്റെ മാർഗത്തിലും കൊടുക്കുക എന്നതാണ്. നിങ്ങളുടെ എല്ലാ ശക്തിയും മനുഷ്യകുലത്തിന്റെ ക്ഷേമത്തിനും അവരുടെ വജയത്തിനും വേണ്ടി ചെലവഴിക്കുക." *(തഫ്സീറെ കബീർ, വാള്യം 6, പേജ് 52, പ്രസാധനം ഖാദിയാൻ 2010)*

പേജ് 1 ൽ നിന്ന്

അവളുടെ തറവാടു കാരണത്താൽ, അവളുടെ സൗന്ദര്യം കാരണത്താൽ, അവളുടെ മതനിഷ്ഠ കാരണത്താൽ. എന്നാൽ, നീ മതമുള്ള സ്ത്രീയെ കരസ്ഥമാക്കിക്കൊള്ളുക. അല്ലാത്തപക്ഷം നിനക്കു നാശം.

## ദുആകൾ ചെയ്യാൻ ആഹ്വാനം

**സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബി നസ്രിഹിൽ അസീസ് 2024 ആഗസ്റ്റ് 23-ന് ചെയ്ത ജുമുഅ ഖുത്ബയിൽ ജമാഅത്തംഗങ്ങളോടു ദുആ ഇരക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് പറഞ്ഞു:**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് റഹ്മഹുല്ലായുടെ ഒരു സ്വപ്നമുണ്ടായിരുന്നു, ആ മാഹാത്മാവിനോടു ഏതോ ഒരു പുണ്യാത്മാവ് പറഞ്ഞു: ജമാഅത്തിലെ എല്ലാ അംഗങ്ങളും എല്ലാ വലിയവരും 200 പ്രാവശ്യം സ്വലാത്ത് ചൊല്ലുക. **സുബ്ഹാനല്ലാഹി വ ബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ്വ ആലി മുഹമ്മദിൻ.** മധ്യപ്രായത്തിലുളളവർ അതായത് 15-നും 25-നുമിടയ്ക്കുള്ള പ്രായക്കാരും കുറഞ്ഞത് 100 തവണ ചൊല്ലുക. കുട്ടികളും കുറഞ്ഞത് 33 തവണ ചൊല്ലുക. ചെറിയകുട്ടികൾക്ക് അവരുടെ മാതാപിതാക്കൾ മൂന്നു നാലു തവണ ചൊല്ലിക്കൊടുക്കുക. അതിനോടൊപ്പം 100 തവണ ഇസ്തിഗ്ഫാറും ചൊല്ലുക. ഇപ്രകാരം ഞാൻ ഇതുംകൂടി ഇതിൽ ഉൾപ്പെടുത്തുകയാണ്: 100 തവണ **റബ്ബി കുല്ലു ശയ്ഇൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസ്വുർനീ വർഹംനീ** എന്നതും ഈ ദിനങ്ങളിൽ പ്രത്യേകമായ നിലയിലും പൊതുവേ എന്നെന്നേക്കുമായും ഉരുവിട്ടുകൊണ്ടിരിക്കുക. ആ ധന്യാത്മാവിന്റെ സ്വപ്നത്തിൽ കാണിക്കപ്പെട്ടത് ഇങ്ങനെ ചെയ്യുകയാണെങ്കിൽ നിങ്ങൾ സുരക്ഷിതമായൊരു കോട്ടയിൽ സുരക്ഷിതരായിരിക്കുമെന്നാണ്. അവിടെ ഒരിക്കലും ശയ്ത്വാന് കടക്കാൻ കഴിയുകയില്ല. ഇരുമ്പുകൊണ്ടുള്ള ഭിത്തികളാണ് ഈ കോട്ടയ്ക്കുള്ളത്. അതിന്റെ ഭിത്തികൾ ആകാശംവരെ എത്തിയിരിക്കുന്നു. ശയ്ത്വാന് കടന്ന് ആക്രമണം നടത്താൻ പററിയ ഒരു ദ്വാരവും അതിലുണ്ടാകുകയില്ല. ഈ ദിനങ്ങളിൽ ശയ്ത്വാൻ എല്ലാ കുതന്ത്രങ്ങളുംകൊണ്ട് നമ്മുടെമേൽ ആക്രമണം നടത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ജമാഅത്തെന്ന നിലയിലും മൊത്തമായ നിലയിലും പൊതുവായ നിലയിലും ഇതിൽനിന്ന് രക്ഷപ്പെടുന്നതിന് ലോകത്ത് ഒരേയൊരു മാർഗമേയുള്ളു. പ്രത്യേകമായ നിലയിൽ ദുആകളിൽ ശക്തി ചെലുത്തുക. വെറും ജൽസയുടെ ദിനങ്ങളിലല്ല. പ്രത്യുത എന്നെന്നേക്കുമായി സ്വലാത്തും ദിക്ർ അഥവാ ദൈവസ്മരണയും നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുക. ഇതിൽ കുട്ടികളും വലിയവരും സ്ത്രീകളും പുരുഷന്മാരും എല്ലാവരും ശ്രദ്ധ ചെലുത്തേണ്ടതാണ്."

ജുമുഅ ഖുത്ബയുടെ അവസാനം ഹുദൂർ പറഞ്ഞു: ***സ്വലാത്ത്*** 200 പ്രാവശ്യം ചൊല്ലാനും ***ഇസ്തിഗ്ഫാർ*** 100 പ്രാവശ്യം ചൊല്ലാനും ***റബ്ബി കുല്ലു ശയ്ഇൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസ്വുർനീ വർഹംനീ*** ചൊല്ലാനും ഞാൻ പറഞ്ഞതുപോലെ, അതിൽ ധാരാളം ശ്രദ്ധിക്കുക. ഇതു മൂന്നു ദിവസത്തേക്കു മാത്രമല്ല. പ്രത്യുത ഇതു സ്ഥിരമായി ചെയ്യാനുള്ള ആഹ്വാനമാണ്. എല്ലാ അഹ്മദികളും സ്ഥിരമായി ചൊല്ലിക്കൊണ്ടിരിക്കേണ്ടതാണ്. ഉമ്മമാർ തങ്ങളുടെ കുട്ടികൾക്കും പറഞ്ഞുകൊടുത്ത് ചൊല്ലിക്കുക. അല്ലാഹു അതിനു തൗഫീഖ് നല്കുമാറാകട്ടെ.(ആമീൻ)

### സ്വലാത്ത്

سُبْحَانَ اللهِ وَبِحَمْدِهٖ سُبْحَانَ اللهِ الْعَظِيْمِ ۔ اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّاٰلِ مُحَمَّدٍ

**സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ ആലി മുഹമ്മദ്**

(നിത്യവും 200 പ്രാവശ്യം ചൊല്ലുക)

***അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം മഹോന്നതനായ അവന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുകയും ചെയ്യുന്നു. അല്ലാഹുവേ! മുഹമ്മദ്(സ)ന്റേയും അദ്ദേഹത്തിന്റെ കുടുംബാദികളുടേയുംമേൽ റഹ്മത്തുകളും ബർക്കത്തുകളും ഇറക്കിയാലും.***

* ജമാഅത്തിലെ വലിയവരെല്ലാം 200 പ്രാവശ്യം ചൊല്ലുക.
* 15-നും 25-നും ഇടയിലുള്ള പ്രായക്കാർ(കുറഞ്ഞത്)100 പ്രാവശ്യം ചൊല്ലുക.
* കുട്ടികൾ (കുറഞ്ഞത്)33 പ്രാവശ്യം ചൊല്ലുക.
* ചെറിയ കുട്ടികൾ 3,4 പ്രാവശ്യം ചൊല്ലുക.(മാതാപിതാക്കൾ അവരെക്കൊണ്ടു ചൊല്ലിക്കുക).

### ഇസ്തിഗ്ഫാർ

أَسْتَغْفِرُ اللهَ رَبِّيْ مِنْ كُلِّ ذَنْبٍ وَّأَتُوْبُ إِلَيْهِ

**അസ്തഗ്ഫിറുല്ലാഹ റബ്ബീ മിൻകുല്ലി ദൻബിൻ വ അതൂബു ഇലയ്ഹി**

(നിത്യവും 100 പ്രാവശ്യം ചൊല്ലുക).

***എന്റെ രക്ഷിതാവായ അല്ലാഹുവിനോടു ഞാൻ പാപപ്പൊറുതി തേടുന്നു. എല്ലാ പാപങ്ങളിൽനിന്നും അവനിലേക്ക് മടങ്ങുകയും ചെയ്യുന്നു.***

### ദുആ

رَبِّ كُلُّ شَيْءٍ خَادِمُكَ رَبِّ فَاحْفَظْنِيْ وَانْصُرْنِيْ وَارْحَمْنِيْ

**റബ്ബി കുല്ലു ശയ്ഇൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസ്വുർനീ വർഹംനീ**

(100 പ്രാവശ്യം ചൊല്ലുക.)

***എന്റെ നാഥാ!സകല വസ്തുക്കളും നിന്റെ സേവകരാണ്. എന്റെ നാഥാ! എന്നെ സംരക്ഷിച്ചാലും. എന്നെ സഹായിച്ചാലും. എന്നിൽ കരുണ ചൊരിഞ്ഞാലും.***

ഹുദൂർ അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് ഈ ദുആകൾ ചെയ്യാൻ പറഞ്ഞിരിക്കുകയാണ്. നിങ്ങളുടെ ജമാഅത്തുകളേയും/ജില്ലാ ഭാരവാഹികളേയും ഇത് അറിയിക്കുക. ജുമുഅ നമസ്കാരത്തിന്റെ അവസരങ്ങളിലും ഇക്കാര്യം ജമാഅത്തംഗങ്ങളെ ഓർമിപ്പിച്ചുകൊണ്ടിരിക്കുക.

### • ഹദീഥുന്നബ്വി(സ) •

**"നിങ്ങളുടെ സ്ത്രീകൾ രാത്രിയിൽ മസ്ജിദിൽ പോകാൻ അനുവാദം ആവശ്യപ്പെട്ടാൽ അവർക്ക് അനുവാദം നല്കുക."**

**(ബുഖാരി 10:162)**

ത്വാലിബെ ദുആ
**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA

### • ഹദീഥുന്നബ്വി(സ) •

**"അണി ചൊവ്വാക്കുക; വളവു വരരുത്. എന്തുകൊണ്ടെന്നാൽ അങ്ങനെയാകുമ്പോൾ നിങ്ങളുടെ ഹൃദയം വിയോജിക്കും. നിങ്ങളിൽ ഗ്രഹണശക്തിയും ബുദ്ധിശക്തിയുമുള്ളവർ എന്റെ ഏറ്റവും അടുത്തു നിൽക്കട്ടെ;പിന്നീട് അവരോടു ഏറ്റവും അടുത്തവർ."**

**(മിശ്ക്കാത്ത് 4:24)**

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphis

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 12 September 2024 Issue-37

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസിന്റെ ജർമൻ പര്യടനം

**വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര**

**വാല്യം 9 ലക്കം 36 പേജ് 12 കോളം 3–ൽനിന്നു തുടർച്ച:.............**

ഇത്തരത്തിലുള്ള പ്രതികരണത്തെ ദുരുപയോഗം ചെയ്തുകൊണ്ട് ഇസ്‌ലാം വിരുദ്ധ ശക്തികൾ വിവേകവും ചിന്തയും ഒരുവിധ പഠനവുംകൂടാതെ ക്ഷണത്തിൽ ഇസ്‌ലാം തീവ്രവാദത്തിന്റേയും ക്രൂരതയുടേയും മതമാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നു. വളരെ ധാർഷ്ട്യത്തോടെയും ഒരു സങ്കോചവും കൂടാതെയും ഇസ്‌ലാമിനെ ആക്ഷേപത്തിന് കുറിമാനമാക്കുന്നു. എന്നാൽ, നീതിയുടെ തേട്ടം പ്രസ്തുത തിന്മകളേയും തെറ്റായ നീക്കങ്ങളേയും ഒരു ഭാഗത്ത് തടയാൻ ശ്രമിക്കുന്നതോടൊപ്പം മറുഭാഗത്ത് സത്യസന്ധതയോടെ ആ പ്രവർത്തനങ്ങൾ ഇസ്‌ലാമിക അധ്യാപനങ്ങൾക്കനുസരിച്ചാണോ ഉള്ളതെന്ന് വിലയിരുത്തുകയും വേണ്ടതാണ്. ഇസ്‌ലാമിന്റെ പേരിൽ തെറ്റായ പ്രചാരണമാണോ ചെയ്യപ്പെടുന്നതെന്ന് നോക്കേണ്ടതാണ്.

ചില പാശ്ചാത്യ മാധ്യമങ്ങളിൽ ചില അമുസ്‌ലിം നിരീക്ഷകർ ഈ ചോദ്യം ഉയർത്താൻ തുടങ്ങിയിരിക്കുന്നു എന്ന് കാണുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ക്രൈസ്തവ ജനതയുടെ തെറ്റായ നീക്കങ്ങളെ അവരുടെ അധ്യാപനങ്ങളുമായി എന്തുകൊണ്ട് ബന്ധിപ്പിക്കപ്പെടുന്നില്ല എന്ന ചോദ്യം ഉയർത്തിക്കൊണ്ട് മുസ്‌ലിമീങ്ങളുടെ തെറ്റായ നീക്കങ്ങളെ കുറിച്ചുമാത്രം എപ്പോഴും അവരുടെ അധ്യാപനങ്ങളുമായി ബന്ധിപ്പിക്കാൻ ശ്രമിക്കുന്നു എന്ന പ്രശ്നം അവർ ഉന്നയിക്കുന്നു. യഥാർഥത്തിൽ നിരീക്ഷകരുടെ ഈ പ്രവൃത്തി നീതിക്കുവേണ്ടിയുള്ള ശബ്ദമുയർത്തലാണ്. ലോകത്തുനിന്ന് എല്ലാ നീരസങ്ങളും വെറുപ്പുകളും അവസാനിപ്പിക്കാനുള്ള ശ്രമത്തിനുവേണ്ടി ശബ്ദം ഉയർത്തപ്പെടേണ്ടതാണ്. യഥാർഥത്തിൽ ലോകരെയെല്ലാവരേയും അടുപ്പിക്കുന്നതിനും അവരിൽ ബാഹ്യമായ സഹവർത്തിത്വത്തിന്റെ അന്തരീക്ഷം സ്ഥാപിക്കാനുമുള്ള ഉപാധിയാണിത്.

വിശുദ്ധ ഖുർആനിൽനിന്നും നബിﷺതിരുമേനിയുടെ ചരിത്രത്തിൽനിന്നും നമ്മൾ പഠിച്ചിട്ടുള്ള സത്യസന്ധമായ അധ്യാപനങ്ങളൊരിക്കലും അക്രമം കാണിക്കരുതെന്നും മനുഷ്യകുലത്തോടുള്ള കടമകൾ സ്ഥായിയായി നിർവഹിക്കണമെന്നുമാണ്. സകല ജനതയേയും നാനാവിധ അടിമത്തത്തിൽനിന്ന് സ്വതന്ത്രനാക്കണമെന്നാണ് ഇസ്‌ലാം മുസ്‌ലിമീങ്ങളെ പഠിപ്പിക്കുന്നത്; അത് ശാരീരികമോ സാമൂഹികമോ ആയ ഏതുതരത്തിലുള്ള അടിമത്തമായാലും ശരി. എല്ലാ ജനതയും സമന്മാരാണെന്ന അധ്യാപനം ഇസ്‌ലാം നമുക്കു നല്കുന്നു. ആരുടേയും നിറമോ കുടുംബമോ ഒരാളുടെ വലുപ്പത്തേയോ സ്ഥാനത്തേയോനിർണയിക്കുന്നില്ല. പ്രത്യുത, പ്രസ്തുത കുടുംബവും തലമുറാവിവേചനവും പരസ്പരം തിരിച്ചറിയാൻ വേണ്ടി മാത്രമാണ്. മറ്റേതുമല്ല.

ഒരു അറബിക്ക് അനറബിയുടെ മേലോ ഒരു അനറബിക്ക് അറബിയുടെ മേലോ ഒരു വിധ ശ്രേഷ്ഠതയുമില്ലെന്ന് ഹദ്റത്ത് മുഹമ്മദ് നബി ﷺപഠിപ്പിച്ചു. അല്ലാഹുവിന് ഇഷ്ടപ്പെട്ടത് നേർമാർഗമാണ്. സൽക്കർമങ്ങൾ ചെയ്യുന്ന വ്യക്തിയാണ് ഉന്നതനായ ദൈവത്തിന്റെ സ്നേഹവും സാമീപ്യവും കരസ്ഥമാക്കുന്നത്. അതുകൊണ്ട് എന്തെങ്കിലും സ്ഥാനം കരസ്ഥമാകുന്നത് കേവലം ഒരാളുടെ നന്മകളോ അയാളുടെ മികച്ച സ്വഭാവങ്ങളോ കാരണത്താലാണ്.

സന്മാർഗത്തിന് സുപ്രധാനമായ രണ്ട് ഭാഗങ്ങളുണ്ടെന്ന അധ്യാപനമാണ് ഇസ്‌ലാം നല്കുന്നത്. ഇതിൽ ഒന്നാമത്തേത് അല്ലാഹുവിനോടുള്ള കടമകൾ നിർവഹിക്കുക എന്നതാണ്. അവനോടുള്ള ആരാധന നിർവഹിക്കുക. രണ്ടാമത്തേത് അവന്റെ സൃഷ്ടികളോടുള്ള കടമകൾ നിർവഹിക്കുകയും മനുഷ്യകുലത്തോടു സഹാനുഭൂതി കാണിക്കുകയും ചെയ്യുക. സമൂഹത്തിൽ നാനാഭാഗത്തും ഓരോ തലത്തിലും രംഗങ്ങളിലും പ്രത്യക്ഷ സ്നേഹം വ്യാപിപ്പിക്കുക. വിശിഷ്യാ, അനാഥകളെ പോലെയുള്ള സമൂഹത്തിലെ ഏറ്റവും ദുർബലരും പാവപ്പെട്ടവരുമായ വ്യക്തികൾക്കിടയിൽ.

ലോകത്ത് സമാധാനം സ്ഥാപിക്കാൻ യുദ്ധം ചെയ്യുന്നതിനോ ഏതെങ്കിലും തരത്തിലുള്ള ഏറ്റുമുട്ടലിനോ ഒരു വിധത്തിലും മുന്നിട്ട് നിൽക്കരുതെന്നും കൂടുതലായി ഇസ്‌ലാം പഠിപ്പിക്കുന്നു. നിങ്ങളുടെമേൽ യുദ്ധം അടിച്ചേൽപ്പിക്കപ്പെടുകയും എതിരിടുകയല്ലാതെ മറ്റൊരു മാർഗവും ശേഷിക്കാതിരിക്കുകയും ചെയ്താൽ രണ്ടാമതൊരു പ്രാവശ്യം സമാധാന സ്ഥാപനത്തിന്റെ നിശ്ചയത്തോടെ മാത്രം അതിനെ പ്രതിരോധിക്കണമെന്നാണ് ഇസ്‌ലാം പറയുന്നത്. അക്രമകാരി അക്രമത്തിൽനിന്ന് പിന്മാറുകയാണെങ്കിൽ ഈ സാഹചര്യത്തെ ദുരുപയോഗം ചെയ്തുകൊണ്ട് ഒരു തരത്തിലുമുള്ള അതിക്രമം കാണിക്കാനോ അതിരു കടക്കാനോ ഒരു അവകാശവും നിങ്ങൾക്കില്ലെന്ന അധ്യാപനം ഇസ്‌ലാം നല്കുന്നു. ഇത്തരം അവസരങ്ങളിൽ യുദ്ധം വേഗം അവസാനിപ്പിക്കേണ്ടതാണ്. യുദ്ധംബാധിച്ചിട്ടുള്ള വിഭാഗത്തെ സാമൂഹികമായി ഉപരോധിക്കരുതെന്നും അത് പഠിപ്പിക്കുന്നു. വിജയിച്ച വിഭാഗം അവരുടെമേൽ സ്വാധീനമിടാനോ ഒരു തരത്തിലുമുള്ള കീഴ്പ്പെടുത്തലിനോ വിധേയമാക്കാനോ ശ്രമിക്കരുത്. ഒരു രീതിയിലും അവരെ നിന്ദിക്കരുത്. ഇസ്‌ലാം കേവലം പ്രതിരോധ യുദ്ധത്തിന് അനുവാദം നല്കുന്നതിനോടൊപ്പംതന്നെ അത്തരം സാഹചര്യങ്ങളിൽ കഠിനമായ നിയന്ത്രണങ്ങൾ വച്ചുകൊണ്ട് നബിﷺതിരുമേനി അതിനെ കൂടുതൽ പരിമിതപ്പെടുത്തുകയും ചെയ്തു.

മുസ്‌ലിമീങ്ങളെ യുദ്ധത്തിനുവേണ്ടി നിർബന്ധിക്കുകയാണെങ്കിൽ സമാധാന സ്ഥാപനത്തിനുവേണ്ടി ഏതെങ്കിലും സ്ത്രീകളേയോ കുട്ടികളേയോ ബുദ്ധിമുട്ടിക്കരുതെന്നും നബിﷺതിരുമേനി പഠിപ്പിച്ചു. സ്വന്തം ആരാധനാലയത്തിൽ കഴിയുന്ന മതനേതാക്കളെ ആക്രമിക്കരുതെന്നും ചർച്ചുകളേയോ യഹൂദദേവാലയങ്ങളേയോ മതപരമായ ആരാധനാലയങ്ങളേയോ ആക്രമിക്കരുതെന്നും അത് നിഷ്കർഷിക്കുന്നു.

ഇന്നാളുകളിൽ നമ്മൾ പ്രകൃതിയെ കുറിച്ച് സംസാരിക്കുന്നു. ഒരു മരവും മുറിക്കപ്പെടരുതെന്നും കൃഷികൾ നശിപ്പിക്കരുതെന്നും നബിﷺതിരുമേനി പ്രകൃതിയെ കുറിച്ച് പരാമർശിച്ചു കൊണ്ട് പറയുന്നു: യഥാർഥത്തിൽ യുദ്ധാവസ്ഥയിൽപോലും എതിരിൽവരുന്ന സൈനികരെയല്ലാതെ മറ്റൊന്നിനേയും ആക്രമിക്കരുതെന്ന് അത് നിഷ്കർഷിക്കുന്നു. ഒരു സാധാരണക്കാരനേയും ഒരിക്കലും ബുദ്ധിമുട്ടിക്കരുതെന്നുള്ള അധ്യാപനവും ഇസ്‌ലാം നല്കി.

വളരെ വ്യസനത്തോടെ പറയട്ടെ, ഇക്കാലത്തുണ്ടാകുന്ന യുദ്ധങ്ങൾ നിരപരാധികളായ ആളുകളെത്തന്നെയാണ് ഏറ്റവുമധികം ബാധിക്കുന്നത്. സാധാരണപൗരന്മാരുടെ കഷ്ടതകളുടെ തോതാണ് ഏറ്റവും കൂടുതലായുള്ളത്. രണ്ടാം ലോക മഹായുദ്ധത്തിലും ഏറ്റവുമധികം മരിച്ചവർ നിരപരാധികളായ സാധാരണ പൗരന്മാർ തന്നെയായിരുന്നു. ചെറുതും വലുതുമായ യുദ്ധങ്ങളിലും സംഘർഷങ്ങളിലും സാധാരണ പൗരന്മാരെ തന്നെയാണ് അതു ബാധിക്കുന്നതെന്ന് ഇക്കാലഘട്ടത്തിലും നമ്മൾ കാണുന്നു, ഇത് തികച്ചും ഇസ്‌ലാമികാധ്യാപനങ്ങൾക്ക് വിരുദ്ധമാണെന്ന് ഞാൻ വ്യക്തമാക്കട്ടെ.

നബിﷺതിരുമേനിയുടെ കാലഘട്ടത്തിൽ ഒരു യുദ്ധാവസരത്തിൽ ഏതോ മുസ്‌ലിം ഒരു സ്ത്രീയേയും കുഞ്ഞിനേയും വധിച്ചു. നബിﷺതിരുമേനിയ്ക്ക് ഇതിന്റെ വിവരം കിട്ടിയപ്പോൾ ആ മഹാത്മാവ് വളരെ നിരാശനായി. മറ്റു ചില അനുചരന്മാർ ഇതിനു കാരണം നിരത്തിക്കൊണ്ട് മാതാവും കുഞ്ഞും യഹൂദിയാണെന്നോ അമുസ്‌ലിമാണെന്നോ സൂചിപ്പിച്ചു. ഇതിനെതിരിൽ വ്യ

**ശേഷം പേജ് 7 ൽ**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin